# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി7/1659/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/10/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി7/1659/2024 തീയ്യതി: 10/10/2024

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2023 മുതൽ 06-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ,കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2024 | 17-08-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2024 | 17-08-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ധീരജ്.ജെ (ഓഡിറ്റ് ഓഫീസർ)
ശ്രീ.സതീഷ് കുമാർ.സി.പി(ഓഡിറ്റ്ഓഫീസർ)
ശ്രീ.ശ്രീജിത്ത്.കെ.വി (സീ.ഗ്രേഡ് ഓഡിറ്റർ)
ശ്രീ.വിജേഷ്.കെ.കെ (സീ.ഗ്രേഡ് ഓഡിറ്റർ)
കുമാരി.ശ്രുവിത.ആർ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി വേങ്ങേരി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.രതീദേവി എം എം | സെക്രട്ടറി | 01-04-2023 | 21-07-2023 |
| ശ്രീ.ശ്രീജിത്ത് പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-07-2023 | 26-07-2023 |
| ശ്രീമതി.ശീതള കെ | സെക്രട്ടറി | 27-07-2023 | 11-08-2023 |
| ശ്രീ.ശ്രീജിത്ത് പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-08-2023 | 15-08-2023 |
| ശ്രീ.ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 16-08-2023 | 29-10-2023 |
| ശ്രീ.ശ്രീജിത്ത് പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-10-2023 | 10-11-2023 |
| ശ്രീ.ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 11-11-2023 | 01-12-2023 |
| ശ്രീ.ശ്രീജിത്ത് പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2023 | 29-12-2023 |
| ശ്രീ.ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 30-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുജീഷ് പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 18-07-2023 |
| ശ്രീ.ശ്രീജിത്ത് പി എം | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2023 | 31-03-2024 |
| ശ്രീമതി.സോണി എം എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.അശ്വതി എസ് ആർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.മോനിഷ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 29-06-2023 |
| ശ്രീമതി.നീതു വർഗ്ഗീസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 30-06-2023 | 07-07-2023 |
| ശ്രീമതി.മോനിഷ | ഐ സി ഡി എസ് സൂപ്പർവൈസർ | 08-07-2023 | 31-03-2024 |
| ഡോ.ആനന്ദ് ഇ വി | മെഡിക്കൽ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ഷൈജു ഒ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 02-01-2024 |
| ഡോ.കവിത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 02-01-2024 | 16-01-2024 |
| ഡോ.സൗമ്യ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 17-01-2024 | 31-03-2024 |
| ശ്രീമതി.ജംഷീറ | വി ഇ ഒ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.സോജോ എ നെറ്റോ | വി ഇ ഒ | 01-04-2023 | 04-09-2023 |
| ശ്രീമതി.ധന്യ മാധവൻ | വി ഇ ഒ | 24-09-2023 | 31-03-2024 |
| ശ്രീ. റിൻജേഷ് എ എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 20-02-2024 |
| ശ്രീമതി.ജസിത രഫാൻ വി കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-02-2024 | 31-03-2024 |
| ശ്രീ.ബിജു | ഹെഡ് മാസ്റ്റർ ജി എൽ പി എസ് | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല. | 1-1-4 |
| 6 | തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു | 1-1-5 |
| 7 | ആസ്തി വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | ബാധ്യതാ നീക്കിയിരിപ്പ് ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല | 1-1-8 |
| 10 | ആസ്തി വിശദാംശം ലഭ്യമല്ല. | 1-1-9 |
| 11 | മുൻകൂർ നൽകിയ തുക ആസ്തിയായി മാറ്റിയില്ല. | 1-1-10 |
| 12 | റവന്യൂ ചെലവുകൾ ആസ്തിയായി ബുക്ക് ചെയ്തു. | 1-1-11 |
| 13 | ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ദുരിതാശ്വാസ നിധിക്ക് പ്രത്യേകം അക്കൗണ്ട് പരിപാലിക്കുന്നില്ല | 1-1-13 |
| 15 | നീക്കിയിരിപ്പ് കമ്മി | 1-1-14 |
| 16 | ഗുണഭോക്തൃ വിഹിതത്തിൽ അധിക നീക്കിയിരിപ്പ് | 1-1-15 |
| 17 | ജേണൽ എൻട്രി- രേഖകൾ ലഭ്യമല്ല. | 1-1-16 |
| 18 | അക്കൗണ്ട് ശീർഷകങ്ങൾ പ്രതിമാസം റീകൺസിലിയേഷൻ നടത്തുന്നില്ല. | 1-1-17 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 22 | ഫണ്ട് വിനിയോഗം | 1-4 |
| 23 | ക്യാഷ് പരിശോധന | 1-5 |
| 24 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല | 1-6 |
| 25 | ഒക്യുപ്പൻസിയ്ക്ക് ശേഷം കെട്ടിടത്തിൽ മാറ്റം വരുത്തി | 1-7 |
| 26 | ക്രമവൽക്കരണ അപേക്ഷ നിരസിച്ച കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയില്ല | 1-8 |
| 27 | തൊഴിൽ നികുതി അപാകതകൾ | 1-9 |
| 28 | ഹരിതകർമ്മ സേന ഫീസ് പിരിവ് കൃത്യത ഉറപ്പുവരുത്താനായില്ല | 1-10 |
| 29 | പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - അപാകതകൾ | 1-11 |
| 30 | ഗാർഹിക തലത്തിൽ മാലിന്യം തരം തിരിക്കുന്നതിന് സഞ്ചി വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-12 |

| | | |
|---|---|---|
| 31 | ആവശ്യകതയ്ക്ക് അനുസൃതമായല്ലാതെ പദ്ധതി രൂപീകരിച്ചു. | 1-13 |
| 32 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിതകർമ്മ സേന - പ്രവർത്തന അവലോകനം | 1-14 |
| 33 | കുടിവെള്ള വിതരണം പ്രൊജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ. | 1-15 |
| 34 | സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ – വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 35 | ഇറിഗേഷൻ വകുപ്പിലേക്ക് ഡെപ്പോസിറ്റ് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 36 | എ.ബി.സി പ്രോജക്റ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 37 | വിനിയോഗ വിവരം (ഐകെഎം) ലഭ്യമായിട്ടില്ല. | 1-19 |
| 38 | സാക്ഷരത തുല്യതാ പഠനം - പദ്ധതി നിർവ്വഹണ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-20 |
| 39 | ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു. | 1-21 |
| 40 | വാഹന വാടക- സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല | 1-22 |
| 41 | കുറഞ്ഞ അളവിലുള്ള ടൈലിന് ഉയർന്ന നിരക്കിൽ തുക നൽകി. | 1-23 |
| 42 | പകൽ വീട് നിർമ്മാണം- പ്രവൃത്തി ഭാഗികമായി ആസൂത്രണം ചെയ്തു. | 1-24 |
| 43 | അനിവാര്യമല്ലാത്ത ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-25 |
| 44 | പ്രവൃത്തിയുടെ സ്വഭാവത്തിൽ മാറ്റം വന്നിട്ടും റീ ടെണ്ടർ ചെയ്തില്ല. | 1-26 |
| 45 | സ്കാരിഫൈ ചെയ്യുന്ന മെറ്റീരിയൽ പുനരുപയോഗിക്കുന്നില്ല. | 1-27 |
| 46 | നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി | 1-28 |
| 47 | ഒതയോത്ത് നടക്കൽ റോഡ്- അപാകതകൾ | 1-29 |
| 48 | തേക്കുള്ള പറമ്പിൽ താഴെ മാവുള്ള കണ്ടി റോഡ്- ഭാഗികമായ ആസൂത്രണം | 1-30 |
| 49 | ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. | 1-31 |
| 50 | വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധികം തുക നൽകി. | 1-32 |
| 51 | ആസൂത്രണത്തിലെ വീഴ്ച -പഞ്ചായത്തിന് നഷ്ടമായത് കോടികൾ | 1-33 |
| 52 | അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-34 |
| 53 | ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി സംബന്ധിച്ച്. | 1-35 |
| 54 | ആദായ നികുതി ഈടാക്കിയില്ല | 1-36 |
| 55 | വാഹന വാടക-നികുതി കുറവ് ചെയ്തില്ല | 1-37 |
| 56 | എൽ ഇ ഡി തെരുവ് വിളക്ക സ്ഥാപിക്കൽ പ്രോജക്റ്റ് നിർവ്വഹണത്തിൽ ന്യൂനതകൾ | 1-38 |
| 57 | ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല | 1-39 |
| 58 | രേഖകളും ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-40 |


ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | പൈപ്പ് സ്ഥാപിച്ചതിനേക്കാൾ ഉയർന്ന അളവിൽ മണ്ണ് ഖനനത്തിന് തുക നൽകി. | 3-1 |
| 2 | അനിവാര്യമല്ലാത്ത ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 3-2 |
| 3 | ഒതയോത്ത് നടക്കൽ റോഡ്- അപാകതകൾ | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25/05/2024 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03/06/2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## 1-1-1 വാർഷിക കണക്കിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ

പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യതുകകൾ എന്നിവ ഉൾക്കൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകളും മറ്റ് അപാകതകളും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ 7369604 രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ [(-)32487582] രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2023 മുതൽ 31.03.2024 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

### 1-1-4 സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല.

വാർഷിക കണക്ക് B14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസിന്റെ നീക്കിയിരിപ്പ് 10800 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-5 തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു

തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ആസ്തി ശീർഷകങ്ങളിൽ റോഡിന്റെ മൂല്യം New Roads, Mettalled Roads, Tarred എന്നീ ശീർഷകങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 16.67 % നിരക്കിലാണ് (ആയുർ ദൈർഘ്യം -6 വർഷം) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് റോഡുകളുടെ ആയുർദൈർഘ്യം 10 വർഷമാണ്. അത്തരം റോഡുകൾ പ്രത്യേക ശീർഷകത്തിൽ രേഖപ്പെടുത്തി 10% നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കേണ്ടിയിരുന്നു.

### 1-1-6 ആസ്തി വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

Other Fixed Assets എന്ന ശീർഷകത്തിൽ 490168 രൂപ നീക്കിയിരിപ്പ് മൂല്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-1-7 ബാധ്യതാ നീക്കിയിരിപ്പ് ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ 320100202 ശീർഷകത്തിലെ 430683രൂപ ബാധ്യതാ നീക്കിയിരിപ്പ് B17 ലെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ ബാധ്യതാ തുകകളുടെ ഉദ്ദേശ്യം, വിനിയോഗ നിബന്ധനകൾ, നാളിതുവരെയുള്ള വിനിയോഗ വിവരം, നീക്കിയിരിപ്പിന്റെ കൃത്യത ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-1-9 ആസ്തി വിശദാംശം ലഭ്യമല്ല.

ബാലൻസ് ഷീറ്റിലെ B11-(D) ഷെഡ്യൂളിലെ Sanitation And Waste Management-Public Programmes-Vehicles For Disposing Waste ശീർഷകത്തിൽ 165900 രൂപ മൂലധന ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തിയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-1-10 മുൻകൂർ നൽകിയ തുക ആസ്തിയായി മാറ്റിയില്ല.

ബാലൻസ് ഷീറ്റിലെ B-18 - ഷെഡ്യൂളിലെ Loans, Advances And Deposits ഷെഡ്യൂളിലെ Advance To Suppliers- Hire Purchase Assets എന്ന ശീർഷകത്തിലെ 193000 രൂപ നീക്കിയിരിപ്പ് യഥാർത്ഥത്തിൽ Gem മുഖേന 25.04.2022 തിയ്യതിയിൽ UPS വിതരണം ചെയ്തതിന് Hykon ന് നൽകിയ തുകയാണ്. ആസ്തി ആർജ്ജിച്ച സാഹചര്യത്തിലും പദ്ധതി മുഖേന ചെലവഴിച്ച പ്രസ്തുത തുക അഡ്വാൻസായി രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

1-1-11 റവന്യൂ ചെലവുകൾ ആസ്തിയായി ബുക്ക് ചെയ്തു.

460509901 - Advance To Others എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് അഡ്വാൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ റവന്യൂ ചെലവുകളായ വാട്ടർ ചാർജ്ജ്, ലൈറ്റ് & സൗണ്ട് വാടക എന്നിവയാണ്. ചെലവുകൾ ക്രമീകരിക്കാതെ ആസ്തി ശീർഷകത്തിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1-1-12 ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ ബി -5 ഷെഡ്യൂൾ പ്രകാരം 21353589 രൂപയാണ് ലോൺ ഇനത്തിലെ സ്ഥാപനത്തിന്റെ ബാധ്യത. എന്നാൽ രജിസ്റ്റർ പ്രകാരം 21243255 രൂപയാണ് ബാധ്യതാ നീക്കിയിരിപ്പ്.

1-1-13 ദുരിതാശ്വാസ നിധിക്ക് പ്രത്യേകം അക്കൗണ്ട് പരിപാലിക്കുന്നില്ല

ദുരിതാശ്വാസ നിധിക്ക് പ്രത്യേകം അക്കൗണ്ട് പരിപാലിക്കുന്നില്ല

1-1-14 നീക്കിയിരിപ്പ് കമ്മി

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-9, 1800900102 ശീർഷകത്തിൽ നീക്കിയിരിപ്പ് കമ്മിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-15 ഗുണഭോക്തൃ വിഹിതത്തിൽ അധിക നീക്കിയിരിപ്പ്

വി.ഇ.ഒ യുടെ സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ആനുപാതികമായതിൽ കവിഞ്ഞ് ഗുണഭോക്തൃ വിഹിതത്തിൽ നീക്കിയിരിപ്പ്.

1-1-16 ജേണൽ എൻട്രി- രേഖകൾ ലഭ്യമല്ല.

ജേണലുകൾക്ക് വിവരണം നൽകുകയോ സപ്പോർട്ടിംഗ് ഡോക്യുമെന്റുകൾ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല.

1-1-17 അക്കൗണ്ട് ശീർഷകങ്ങൾ പ്രതിമാസം റീകൺസിലിയേഷൻ നടത്തുന്നില്ല.

അക്കൗണ്ട് ശീർഷകങ്ങൾ പ്രതിമാസം റീകൺസിലിയേഷൻ നടത്തി നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.

1-1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

1-2 ബജറ്റ്

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 01.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കപ്പെട്ടു. ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവു കണക്കുകളും റസീറ്റ് & പെയ്മെന്റ് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവു കണക്കുകളും താഴെ ചേർക്കുന്നു.

| ഇനം | ബഡ്ജറ്റ് | പുതുക്കിയ ബഡ്ജറ്റ് (റസീറ്റ് & പെയ്മെന്റ് പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 2,11,97,152 | 3,50,87,583 |
| വരവ് | 41,54,44,644 | 6,79,38,698 |
| ആകെ | 43,66,41,796 | 10,30,26,281 |
| ചെലവ് | 41,82,25,008 | 6,05,69,094 |
| നീക്കിയിരിപ്പ് | 1,84,16,788 | 4,24,57,187 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 3,50,87,583 |
| വരവ് | 6,79,38,698 |
| ആകെ | 10,30,26,281 |
| ചെലവ് | 6,05,69,094 |
| നീക്കിയിരിപ്പ് | 4,24,57,187 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22389000 | 22389000 | 17733981 | 4655019 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8166000 | 8166000 | 6019884 | 2146116 |
| മെയിന്റനൻസ്, റോഡ് | 0 | 14750600 | 14750600 | 5387325 | 9363275 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | | 4932600 | 4932600 | 2859867 | 2072733 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(PFMS മുഖേന) | 3287350 | 4083587 | 7370937 | 4560520 | 2810417 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 7837686 | 2780500 | 10618186 | 4687356 | 5930830 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 275000 | 275000 | 195799 | 79201 |

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3575/-രൂപ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-6 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ട് മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിൽ 01-04-2023 പ്രാബല്യത്തിൽ പുതുക്കിയ വസ്തു നികുതി അന്തിമ വിജ്ഞാപനം ചെയ്തത് 19-09-2023 നാണ് (തീരുമാനം നം. 4/1 Dtd 19-08-2023). ഇതിൻ പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതും പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി തുടങ്ങിയതും 23-09-2023 മുതലാണ്. എന്നാൽ സഞ്ചയയിൽ നികുതി നിരക്ക് പരിഷ്കരിച്ചതിന് മുൻപ് (അതായത് 01-04-2023 മുതൽ സഞ്ചയയിൽ പുതിയ നികുതി നിരക്ക് സെറ്റ് ചെയ്യുന്നത് വരെ) ആകെ 101 പുതിയ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കി കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക വന്ന നികുതി ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നതേ ഉള്ളൂ.

പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരിച്ചെങ്കിലും സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വരുമാന വർദ്ധനയ്ക്കുമായി, നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതായിരിക്കെ ആയത് ഏർപ്പെടുത്തുന്നത് ഭരണ

സമിതി പരിഗണിച്ചിട്ടില്ല.

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ മുഴവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം 2022-23 വർഷത്തിൽ സാങ്കേതിക യോഗ്യതയുള്ള 22 പേരെ ഉപയോഗിച്ച് നടത്തുകയും 13497 കെട്ടിടങ്ങളുടെ വിവര ശേഖരണംനടത്തുകയും ഇതിൽ ഘടനാപരമായി മാറ്റം വരുത്തിയ 2512 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി സഞ്ചയയിൽ പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (01/24 Dtd 07-08-24) മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളിൽ നികുതി പുനർ നിർണ്ണയിക്കുവാൻ ബാക്കിയുള്ള കെട്ടിടങ്ങളുടെ നികുതി ഓഡിറ്റ് പിരീഡ് വരെ പുനർ നിർണ്ണയിച്ചിട്ടില്ല. 2022-23 ൽ വിവരശേഖരണം നടത്തിയതും നടത്താത്തതുമായ മുഴവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി 77/2023/LSGD നമ്പർ സർക്കാർ ഉത്തരവിന് അനുസൃതമായി അടിയന്തരമായി പരിഷ്കരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

കൂടാതെ സഞ്ചയിലെ നിലവിലെ നികുതി പരിഷ്കരണം പരിശോധിച്ചതിൽ നിന്നും, നിലവിലെ ഒരു കെട്ടിടത്തിൽ (01-04-2023ന് മുൻപ് നികുതി ഈടാക്കി വരുന്ന) അധിക നിർമ്മാണം നടത്തുകയും നികുതി പുതുക്കി കണക്കാക്കുന്നതിനായി സഞ്ചയയിൽ അടിസ്ഥാന വിവരങ്ങൾ നൽകുകയും ചെയ്യുമ്പോൾ കെട്ടിടത്തിന്റെ ഈടാക്കി ക്കൊണ്ടിരിക്കുന്ന നികുതി പരിഗണിക്കാതെ കെട്ടിടം മുഴവനായി പുതിയ കെട്ടിടമായി പരിഗണിക്കപ്പെടുകയും കെട്ടിടത്തിന് മുഴവനായി പുതിയ നികുതി കണക്കാക്ക പ്പെടുകയുമാണ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷം മുതലാണ് ഈ അപാകത സഞ്ചയയിൽ വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ നിലവിലെ കെട്ടിടത്തിന്റെ ഭാഗത്തിന് പഴയ നികുതിയും കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നികുതിയുമാണ് കണക്കാക്കപ്പെടേണ്ടിയിരുന്നത്. ഈ അപാകത ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-7 ഒക്യുപ്പൻസിയ്ക്ക് ശേഷം കെട്ടിടത്തിൽ മാറ്റം വരുത്തി

ശ്രീ. മുഹമ്മദലി, ചാലിൽ എന്നവരുടെ ഉടമസ്ഥതയിലുള്ളതും A1-BA(245199)/2018 Dtd 24-09-2018 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതുമായ വാണിജ്യ കെട്ടിടത്തിന്റെ ഒക്യുപ്പൻസിയ്ക്കായുള്ള അപേക്ഷ പ്രകാരം കെട്ടിടത്തിന് 06/585 A, 06/585 B എന്നിങ്ങനെ കെട്ടിട നമ്പർ നൽകി 2023-24 മുതൽ നികുതി ഈടാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം ആകെ 198.37 $M^2$ നിർമ്മാണ അനുമതി ഉള്ള ഈ കെട്ടിടം 185.5 $M^2$ ൽ ആണ് പൂർത്തിയാക്കിയത്. കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി 17-08-2024 ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെട്ടിടത്തിന്റെ പെർമിറ്റ് പ്രകാരം കെട്ടിടത്തോട് ചേർന്ന് നിൽക്കുന്നതായും എക്സിസ്റ്റിംഗ് ആയും കാണിച്ചിരിക്കുന്ന വാണിജ്യ കെട്ടിട ഭാഗം "To Be Demolished" എന്നാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ കാണിച്ചിരിക്കുന്നത്. ഇങ്ങനെ ഡിമോളിഷനായി കാണിച്ച കെട്ടിടത്തിനുള്ളിലൂടെയാണ് ബിൽഡിംഗ് പെർമിറ്റിൽ കെട്ടിടത്തിലേക്കുള്ള ആക്സസ് കാണിച്ചിരിക്കുന്നത്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ "To Be Demolished"ആയി കാണിച്ച ഈ ഭാഗം എക്സിസ്റ്റിംഗ് ബിൽഡിംഗ് ആയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഇത് എത്ര ഏരിയ ഉണ്ടെന്ന് കാണിക്കുകയോ ഈ ഏരിയ കൂടെ പെർമിറ്റ് പ്രകാരമുള്ള ഏരിയയോട് ചേരുമ്പോൾ കെട്ടിട നിർമ്മാണ ചട്ടം പാലിക്കപ്പെടുന്നുണ്ടോ എന്നോ ഉള്ള പരിശോധന ഒക്യുപ്പൻസിയ്ക്കായി സ്ഥല പരിശോധന നടത്തിയ ഓവർസിയർ ഉറപ്പ് വരുത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിലേക്കുള്ള ആക്സസ് വേറെ വഴിയാണ് കാണിച്ചിരിക്കുന്നത്.

2) കെട്ടിടത്തോട് ചേർന്ന് തുറസ്സായ സ്ഥലം ലഭ്യമല്ലാത്തതിനാൽ കെട്ടിടത്തിനുള്ളിലായാണ് കെട്ടിടത്തിന്റെ ചട്ട പ്രകാരം ആവശ്യമായ കാർ പാർക്കിംഗ് കാണിച്ചിരിക്കുന്നത്. എന്നാൽ 17-08-2024ന് കെട്ടിടത്തിൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ പാർക്കിങ്ങിനായി കാണിച്ചിരിക്കുന്ന സ്ഥലം എക്സിസ്റ്റിംഗ് ബിൽഡിംങ്ങിൽ പ്രവർത്തിക്കുന്ന "മുബാറക്" എന്ന ഹോട്ടലിന്റെ ഭാഗം

പ്രവർത്തിക്കുന്നതായാണ് കാണാൻ സാധിച്ചത്. അതായത് ഒക്യുപ്പൻസി ലഭ്യമായ ശേഷം കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ മുഴുവനായി മാറ്റം വരുത്തി ഹോട്ടൽ ആക്കി മാറ്റി പ്രവർത്തിച്ചുവരുന്നു. ഇതിനാൽ തന്നെ ഈ കെട്ടിടം, കെട്ടിട നിർമ്മാണ ചട്ടം പാലിക്കുന്നില്ല എന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (39/24തീ.17-08-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-8 ക്രമവൽക്കരണ അപേക്ഷ നിരസിച്ച കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയില്ല

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം ക്രമവൽക്കരണത്തിനായി സമർപ്പിച്ച ചുവടെ കൊടുത്ത അപേക്ഷകൾ കെട്ടിട നിർമ്മാണ ചട്ടം പാലിക്കാത്തതിനാൽ നിരസിച്ചവയാണ്. എന്നാൽ അപാകത പരിഹരിക്കുകയോ കെട്ടിട നിർമ്മാണ ചട്ടത്തിന് വിധേയമാക്കുകയോ ചെയ്യാത്ത ഈ കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി യു.എ നമ്പർ നൽകി നികുതി ഈടാക്കുകയോ ചട്ടപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

1) 5337/23 Dtd 4-9-23 യൂസഫ്, അഹ്ദുള്ള, റഷീദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 35.74m2ഉള്ള കെട്ടിടം

2)7200/23 Dtd 22-22-23 പത്മജ.വി.കെ എന്നവരുടെ ഉടമസ്ഥതയിലുള്ള 83.62 $M^2$ ഉള്ള വാണിജ്യ കെട്ടിടം.

പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സഞ്ചയയിലെ ഡാറ്റ അനുസരിച്ച് 13 കെട്ടിടങ്ങൾക്ക് അനധികൃത കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് കെട്ടിടങ്ങൾ ഡിമോളിഷ്ഡ് ആയാണ് കാണിച്ചിക്കുന്നത്. ബാക്കിയുള്ള 11 അനധികൃത നികുതി അടവാക്കി വരുന്ന കെട്ടിടങ്ങളിൽ 2015-16 മുതൽ അനധികൃത കെട്ടിടമായി തുടരുന്ന കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. ഈ കെട്ടിടങ്ങളിൽ നിന്നും അനധികൃത നികുതി ഈടാക്കുന്നതല്ലാതെ കെട്ടിടം അധികൃതമാക്കുന്നതിനോ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 31/24 തീ.17-08-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-9 തൊഴിൽ നികുതി അപാകതകൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ ബിസിനസിലോ ഏർപ്പെട്ടിരിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്നു എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ റിട്ടേൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് ക്രമ നം. | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 35/2023-24 | അബൂബക്കർ ഇ കെ | 08/ 101,102,103,108,109,110,122, 221,222,223,224,225 | സി കെ ട്രൈഡേഴ്സ് | 4 |
| 57/2023-24 | അബ്ദുൾ ഹമീദ് കെ വി | 12/352B | ടീം തായ് ആഷിഖ് എന്റർപ്രൈസസ് | 5 |
| 152/2023-24 | വി സൂപ്പി | 17/454 | സാക്ക് എന്റർപ്രൈസസ് | 5 |
| 268/23-24 | നാസർ | 6/129 A | ഫോക്കസ് ഫില്ലിങ് സ്റ്റേഷൻ | 4 |
| 304/23-24 | അനസ് അബ്ദുൾ ഹമീദ് | 01/694B | യുണൈറ്റഡ് സ്റ്റോൺസ് | 7 |
| 325/23-24 | ഹർഷാദ് മണ്ടോടി | 19/190 B,C,D,E,F | സംസം ടൈൽസ് | 5 |
| 333/23-24 | സുലൈഖ സി സി | 01/393 | വുഡ് ഇൻഡസ്ട്രീസ് | 4 |
| 412/23-24 | അബ്ദുൾ ഗഫൂർ എം കെ | 01/458 A ,B,C,D,E,F,G | RUBY FRESH HYPER MARKET | 5 |
| 459/23-24 | അൻവർ സാദിഖ് | 17/150E | SUPREME BAKES&DRINKS | 5 |
| 586/23-24 | ഷർഫാസ് വി | 1/468 A B | TILES &SANITARY HARDWARE PLUMBING | 5 |

ഫീൽഡ് പരിശോധന നടത്തി ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ കണ്ടെത്തി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2 . സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| കെട്ടിട നം. | സ്ഥാപനം |
|---|---|
| 17/161 | ചങ്ങരോത്ത് സർവ്വീസ് സഹകരണബാങ്ക് വളം ഡിപ്പോ |
| 17/167 | ക്ഷീരോദ്പാദക സഹകരണസംഘം, വടക്കുമ്പാട് |
| 12/697,698 | ക്ഷീരോദ്പാദക സഹകരണസംഘം, കടിയങ്ങാട് |

3. ഓഡിറ്റ് എൻക്വയറി 01/2024dtd 07-08-2024 യ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമ പഞ്ചായത്തിൽ ആകെ 2947 വാണിജ്യ/വ്യവസായ/ഓഫീസ് ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുണ്ട്. ഇതിൽ FTE&OS ലൈസൻസ് നൽകിയിരിക്കുന്നത് ആകെ 817 കെട്ടിടങ്ങളിലാണ്. ഇത് പ്രകാരം 2130 വാണിജ്യ/ വ്യവസായ/ഓഫീസ് കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാത്തതായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. 2023-24 വർഷ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ആകെ കണക്കും കൃത്യമായി ലഭിക്കുന്നില്ല. ഇതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും അതിലെ ജീവനക്കാരും തൊഴിൽ നികുതി പരിധിയിലും FTE&OS ലൈസൻസ് പരിധിയിലും വന്നിട്ടില്ല എന്ന് വ്യക്തമാവുന്നു

4. FTE&OS ലൈസൻസ് നൽകിയത് ആകെ 817 കെട്ടിടങ്ങളിലാണ് എന്ന് പറയുമ്പോഴും ഇത്രയും കെട്ടിടങ്ങളുടെ വാടക വരുമാനം ആർജിക്കുന്ന കെട്ടിട ഉടമകൾ ഒരാളെ പോലും തൊഴിൽ നികുതി പരിധിയിൽ കൊണ്ടു വരുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വലിയ തുക വാടക വരുമാനം ആർജിക്കുന്ന ഒന്നിലധികം കെട്ടിടങ്ങളുടെ ഉടമകളെ സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ എളുപ്പത്തിൽ കണ്ടെത്താമെന്നിരിക്കെ ആയതിന്റെ സാധ്യത പഞ്ചായത്ത് ഉപയോഗപ്പെടുത്തുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും ആയതിൽ കൃത്യമായ തുടർനടപടികൾ ഉണ്ടായിട്ടില്ല

5. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

6. പഞ്ചായത്തിലെ എൽ.ബി.എസ്സുമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് 07-08-2024 ന് നൽകിയ ഓഡിറ്റ് എൻക്വയറി 01/2024ന് ലഭ്യമാക്കിയ മറുപടി പ്രകാരം 34 എൽ ബി എസുമാർ പഞ്ചായത്തിൽ 2023-24 വർഷം പ്രവർത്തിച്ചിട്ടുണ്ട് എന്നും ഇവരിൽ ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

7.2023-24 വർഷം പഞ്ചായത്തിൽ മരാമത്ത് വർക്കുകളിൽ ബിൽ തുക ലഭ്യമായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറി (01/24) പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

8. പഞ്ചായത്തിൽ 2023-24 വർഷത്തിൽ എം ജി എൻ ആർ ഇ ജി എസ് വർക്കിന് ബിൽ തുക ലഭ്യമായ 19 കരാറുകാരുണ്ടെന്നും എന്നാൽ ഇവരിൽ ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നുമാണ് പഞ്ചായത്ത് ഓഡിറ്റ് എൻക്വയറിക്ക് (01/24) മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മേൽ പരാമർശിച്ച മുഴുവനാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതും അപാകതയ്ക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-10 ഹരിതകർമ്മ സേന ഫീസ് പിരിവ് കൃത്യത ഉറപ്പുവരുത്താനായില്ല

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ യൂസർ ഫീ പിരിവ് സംബന്ധിച്ച് പരിശോധന നടത്തിയതിൽ ഫീസ് പിരിവ് ബാങ്കിൽ ഒടുക്കുന്നതിലെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഹരിതകർമ്മസേനയുടെ 2023-24 ലെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി (04/23-24 തീയതി 13-08-24) ക്ക് ലഭ്യമാക്കിയ കണക്കുകളിൽ വരുമാനവും ചെലവും സംബന്ധിച്ച കണക്കുകൾ ഉൾപ്പടെയുള്ള കൺസോളിഡേറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഹരിതകർമ്മസേന യൂസർ ഫീ ഇനത്തിൽ പിരിച്ച തുകയുടെ കണക്ക് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. യൂസർ ഫീ പിരിക്കുന്നതിനായി എത്ര രസീത് ബുക്കുകൾ ഉപയോഗിച്ചു എന്നുള്ളതിന്റെ കണക്ക് പരിശോധിക്കുന്നതിനായി രസീത് ബുക്ക് സ്റ്റോക്ക്

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആകെ എത്ര രസീത് ബുക്കുകൾ ഉണ്ടെന്നോ, രസീത് ബുക്കുകൾ ആർക്കൊക്കെ ഇഷ്യൂ ചെയ്തു എന്നോ, ഇതിൽ ഓരോ രസീത് ബുക്കിലും എത്ര രൂപ വരവ് വന്നിട്ടുണ്ട് എന്നോ ഉള്ള കണക്ക് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുകയോ ഇത് ഉത്തരവാദപ്പെട്ടവർ പരിശോധിക്കുകയോ ചെയ്തിട്ടില്ല.

കൂടാതെ ഉപയോഗിച്ച രസീത് ബുക്കുകൾ പഞ്ചായത്തിലെ ഒന്നാം നിലയിൽ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നതായാണ് കാണപ്പെട്ടത്. ഇവ ഏതൊക്കെ കാലയളവിലെ രസീതു ബുക്കുകളാണെന്നോ എത്ര ബുക്കുകളുണ്ട് എന്നത് സംബന്ധിച്ചോ ഉള്ള കണക്കുകളൊന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വരവുകൾ മുഴുവൻ ഹരിത കർമ്മസേനയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അതത് ദിവസം തന്നെ അടവാക്കിയോ എന്നും പരിശോധിക്കുന്നതിന് ഇതിനാൽ സാധിച്ചിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് ഏപ്രിൽ 2023, മെയ് 2023 എന്നീ മാസങ്ങളിലെ യൂസർ ഫീ കലക്റ്റ് ചെയ്തത് സംബന്ധിച്ച ഏപ്രിൽ മാസത്തെ 37രസീത് ബുക്കുകളും, മെയ് മാസത്തെ 24 രസീത് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ കലക്ഷൻ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ ഈ ബുക്കുകൾ പ്രകാരം ഈടാക്കിയ ഫീ വരവ് തുക എത്രയാണെന്നോ ഇത് മുഴുവൻ ബാങ്കിൽ അടവാക്കിയിട്ടുണ്ടോ എന്നതും പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ വീടുകൾക്ക് 50/-രൂപയും വാണിജ്യ സ്ഥാപനങ്ങൾക്ക് 100/-രൂപയുമാണ് യൂസർ ഫീ നിരക്ക്. ഇത് പ്രകാരം 2023 ഏപ്രിൽ, മെയ് മാസങ്ങളിലെ ആകെ 61 ബുക്കുകളിലുള്ള 6100 രസീതുകളിൽ ഓരോന്നിലും കുറഞ്ഞത് 50/- രൂപ ഈടാക്കിയാൽപ്പോലും 3,05,000/-രൂപ വരവ് ഉണ്ടാകേണ്ടതാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് വരവ് പരിശോധിച്ചതിൽ ഈ മാസങ്ങളിൽ ആകെ അടവാക്കിയ വരവ് തുക 1,81,068/- രൂപ മാത്രമാണ് എന്ന് കാണുന്നു. അതായത്, ഒന്നേ കാൽ ലക്ഷത്തിൽ അധികം തുക ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാതിരിക്കാനുള്ള സാധ്യത കാണുന്നു. തുകയുടെ കൃത്യത ഉറപ്പാക്കണമെങ്കിൽ ആകെ ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ എത്ര എന്നും, അവ ആർക്കൊക്കെ ഇഷ്യു ചെയ്തു എന്നും, എത്ര തുക ആകെ പിരിച്ചെടുത്തു എന്നും, ഇതിൽ എത്ര തുക ബാങ്കിൽ അടവാക്കി എന്നും ഉള്ള കണക്ക് രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതുണ്ട്. ഇതൊന്നും തയ്യാറാക്കുകയോ പരിശോധിക്കപ്പെടുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/24 തീ.17-08-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമായും സുസ്ഥിരമായും നടപ്പിലാക്കേണ്ട ഹരിതകർമ്മസേനയുടെ യൂസർഫീ പിരിവ് അടക്കമുള്ള സാമ്പത്തികകാര്യങ്ങളിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തത് ഓഡിറ്റ് ഗൗരവമായി വിലയിരുത്തുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നതോടൊപ്പം ബന്ധപ്പെട്ടവരിൽ നിന്ന് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതിനായി 2023 മാർച്ച് മാസം മുതൽ 2024 ഏപ്രിൽ വരെ ഹരിതകർമ്മസേന യൂസർ ഫീ പിരിവുമായി ബന്ധപ്പെട്ട ആർക്കൊക്കെ എത്ര രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു എന്നും, ഇതിൽ എത്ര തുക വരവ് വന്നു എന്നും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും, പിരിവ് തുക ബാങ്കിൽ അടവ് വന്നതിൽ ഉണ്ടായ കുറവ് കണക്കാക്കി അസി. സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സാക്ഷ്യപ്പെടുത്തി വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-11 പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്റ്റ് നം- 79/23-24

നിർവ്വഹണം- വി.ഇ.ഒ

വകയിരുത്തിയ തുക =200000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക – 187600/-

ബിൽ തീയതി - 30-03-2024

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 14

ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി വിളിച്ച ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത "ഡ്രീം ഹോം ഫർണിച്ചർ, ബാലുശ്ശേരി" എന്ന സ്ഥാപനത്തിന് ജി.എസ്.ടി ഉൾപ്പടെ ബോട്ടിൽ ബൂത്ത് ഒന്നിന് 13400/-രൂപ നിരക്കിൽ 14 ബോട്ടിൽ ബൂത്തുകൾ സപ്ലൈ ചെയ്യുന്നതിന് കരാർ നൽകുകയും 29-03-24ന് ബോട്ടിൽ ബൂത്തുകൾ സപ്ലൈ ചെയ്യുകയും ചെയ്തു.

ബോട്ടിൽ ബൂത്തുകളുടെ കാലുകൾ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുന്നതിനാണ് അസി.എഞ്ചിനിയറുടെ എസ്റ്റിമേറ്റിൽ അതിനായുള്ള ഐറ്റം ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പഞ്ചായത്തിന് മുന്നിൽ തന്നെയുള്ള ജംഗ്ഷനിൽ സ്ഥാപിച്ച ബോട്ടിൽ ബൂത്ത് കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ചിട്ടില്ല. സാങ്കേതിക വിഭാഗം വാല്യേഷൻ എടുത്തപ്പോൾ ഇത് പരിശോധിക്കാതെയാണ് റിപ്പോർട്ട് സമർപ്പിച്ചതും തുക നൽകിയതും. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/24 തീ.16-08-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം സ്ഥാപിച്ച മുഴവൻ ബോട്ടിൽ ബൂത്തുകളും കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കോൺക്രീറ്റ് ചെയ്യാത്തവ കരാറെടുത്ത സ്ഥാപനത്തെ കൊണ്ടു തന്നെ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കേണ്ടതും ആയതിന്റെ വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ഗാർഹിക തലത്തിൽ മാലിന്യം തരം തിരിക്കുന്നതിന് സഞ്ചി വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്റ്റ് നം- 223/23-24

നിർവ്വഹണം- വി.ഇ.ഒ

വകയിരുത്തിയ തുക =120000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക – 119985/-

ബിൽ തീയതി - 30-03-2024

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകളിലും മാലിന്യം തരം തിരിക്കുന്നതിന് സഞ്ചി വിതരണം ചെയ്യുന്നതിനായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം പഞ്ചായത്തിന്റെ പേര് എഴുതിയ 90cm നീളവും, 50cm വീതിയുമുള്ള റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് ചാക്ക് വിതരണം ചെയ്യുന്നതിന് കരാർ വെക്കുകയും “HEADCO, പന്തീരാങ്കാവ്" എന്ന സ്ഥാപനത്തിന് ചാക്കിന് 19 രൂപ നിരക്കിൽ (ജി.എസ്.ടി ഉൾപ്പടെ) കരാർ നൽകുകയും ചെയ്തു. ആകെ 19 വാർഡുകളിലേക്ക് 6315 പ്ലാസ്റ്റിക് ചാക്കുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പഞ്ചായത്തിൽ ഗാർഹിക തലത്തിൽ മാലിന്യം തരം തിരിക്കാനായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ വാങ്ങിയ പ്ലാസ്റ്റിക് സഞ്ചികൾ ഒരു വാർഡിൽ 333 എണ്ണം എന്ന കണക്കിൽ 19 വാർഡിലും വിതരണം ചെയ്യാനായി വാർഡിലെ ഹരിതകർമ്മ സേനാംഗത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ ആകെ 3 വാർഡുകളിലെ വീടുകളിൽ മാത്രമാണ് ചാക്കുകൾ വിതരണം ചെയ്തതിന്റെ രേഖ മാത്രമാണ് ഹരിതകർമ്മ സേന ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് വാർഡുകളിലെ ചാക്ക് വിതരണം ഓഡിറ്റ് പിരീഡ് വരെ പൂർത്തിയാക്കുകയോ പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. നിലവിൽ ഹരിതകർമ്മ സേനാംഗങ്ങളുടെ കൈയിലാണ് വിതരണം ചെയ്യാത്ത ചാക്കുകൾ ഉള്ളത് എന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ടെങ്കിലും ഇവർ ചാക്കുകൾ കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) മാലിന്യം തരം തിരിക്കാനായാണ് ഈ പദ്ധതി ആസൂത്രണം ചെയ്തത് എങ്കിലും തരം തിരിച്ച് വെയ്ക്കാനായി ആകെ ഒരു ചാക്ക് മാത്രമാണ് ഒരു വീടിന് നൽകിയിട്ടുള്ളത്. ഇതിനാൽ പദ്ധതി പ്രകാരം ഉദ്ദേശിച്ച മാലിന്യം തരം തിരിച്ച് വെയ്ക്കൽ യഥാർത്ഥത്തിൽ കഴിയുകയില്ല. പഞ്ചായത്തിലെ ഒരു വാർഡിൽ 450 ഓളം വീടുകളാണുള്ളത്. അതിനാൽ 2024-25 ൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചാക്ക് ലഭ്യമാവാത്ത ബാക്കിയുള്ള വീടുകൾക്കും ചാക്ക് വിതരണം ചെയ്യാൻ ഭരണ സമിതി തീരുമാനിക്കുകയും (തീരു.2(1) Dtd 13-03-24) പദ്ധതി ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകകൾക്ക്

ലഭ്യമായ ചാക്കുകൾ രണ്ട് എണ്ണം വീതമെങ്കിലും ഒരു വീട്ടിൽ നൽകിയാൽ മാലിന്യം തരം തിരിച്ച് വെയ്ക്കാൻ കഴിയുമായിരുന്നു. ഇത് പദ്ധതി ആസൂത്രണം ചെയ്യുമ്പോഴോ നടപ്പിലാക്കുമ്പോഴോ പഞ്ചായത്ത് പരിശോധിച്ചില്ല. 2024-25 വർഷം ആസൂത്രണം ചെയ്ത പദ്ധതിയിലും ഒരു ചാക്ക് വിതരണം ചെയ്യുന്നതിന് മാത്രമാണ് തീരുമാനിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/24 തീ.17-08-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മ സേനാംഗത്തിന് വിതരണം ചെയ്ത മുഴുവൻ ചാക്കുകളും വീടുകൾക്ക് വിതരണം ചെയ്യേണ്ടതും, ഏതൊക്കെ വീടുകളിൽ വിതരണം ചെയ്തു എന്നതിന്റേയും ഇനി ഓരോ വാർഡിലും എത്ര വീടുകളിൽ ചാക്കുകൾ വിതരണം ചെയ്യാനുണ്ട് എന്നതിന്റെയും കണക്കെടുത്ത് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും പദ്ധതി നടപ്പിലാക്കിയതിലെ മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-13 ആവശ്യകതയ്ക്ക് അനുസൃതമായല്ലാതെ പദ്ധതി രൂപീകരിച്ചു.

പ്രോജക്റ്റ് നം - 233

പ്രോജക്റ്റിന്റെ പേര്- അംഗൻവാടികൾക്കും സ്കൂളുകൾക്കും ഘടക സ്ഥാപനങ്ങൽക്കും മാലിന്യ സംസ്കരണ ഉപാധികൾ നൽകൽ

നിർവ്വഹണം – വി.ഇ.ഒ

വകയിരുത്തിയ തുക –180096/-

ചെലവഴിച്ച തുക – 148400/-

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ 24 അംഗൻവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം പഞ്ചായത്തിലെ എൽ.പി സ്കൂൾ മുതൽ ഹയർ സെക്കന്ററി സ്കൂൾ വരെയുള്ള 17 സ്കൂളുകൾക്കും 28 അംഗൻവാടികൾക്കും 7 ഘടകസ്ഥാപനങ്ങൾക്കും ഒരു ബഡ്സ് സ്കൂളിനും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ട്. "RAIDCO" മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കരാർ പ്രകാരം റിംഗ് കംപോസ്റ്റ് യൂണിറ്റിന് 2800/-രൂപ (ജി.എസ്.ടി അടക്കം) നിരക്കിലാണ് "RAIDCO" യിൽ നിന്നും വാങ്ങിയിരിക്കുന്നത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

28-05-2022 ലെ സ.ഉ(കൈ) നം.115/2022/തസ്വഭവ നമ്പർ പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഗാർഹിക തലത്തിൽ ഖരമാലിന്യ സംസ്കരണത്തിനായാണ് കംപോസ്റ്റിംഗ് യൂണിറ്റ് നൽകേണ്ടത്. സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് ഉൾപ്പടെ) എന്നീ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണത്തിനായി കംപോസ്റ്റിംഗ് & ബയോ മെതനേഷൻ ഗ്യാസ് പ്ലാന്റ്, ഇ.ടി.പി (Effluet Treatment Plant), അഥവാ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയാണ് ശുപാർശ ചെയ്തിരിക്കുന്നത്.

പദ്ധതിയ്ക്കായി വിതരണം ചെയ്ത റിംഗ് കംപോസ്റ്റ് യൂണിറ്റ് 115/2022 നമ്പർ മാർഗ്ഗ രേഖയിലെ അനുബന്ധം 3 പ്രകാരം ദിവസേന 1.5 Kg വേസ്റ്റ് മാത്രം ഇടുന്നതിനായുള്ളതാണ്. എന്നാൽ നൂറു കണക്കിന് കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ഗാർഹിക തലത്തിൽ ഖരമാലിന്യ സംസ്കരണത്തിനായുള്ള കംപോസ്റ്റിംഗ് യൂണിറ്റ് വിതരണം ചെയ്തത് യഥാർത്ഥത്തിൽ പാഴ് ചെലവാണ്. ഇത്തരം സ്ഥാപനങ്ങളിൽ കംപോസ്റ്റ് യൂണിറ്റ് ഒരു ദിവസം കൊണ്ടു തന്നെ നിറയുന്നതും പദ്ധതി ലക്ഷ്യം നിറവേറ്റാൻ കഴിയുന്നതുമല്ല.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും പ്രായോഗികത പരിശോധിക്കാതെയും നടത്തിയ ഈ പദ്ധതി യഥാർത്ഥത്തിൽ പാഴ് ചെലവാവുകയാണ് ചെയ്തത്. പദ്ധതി രൂപീകരണ വേളയിലോ നിർവ്വഹണ വേളയിലോ മോണിറ്ററിംഗ് വേളയിലോ ഈ അപാകത പരിശോധിക്കപ്പെടാതെയാണ് പദ്ധതി ആസൂത്രണം ചെയ്തതും നടപ്പിലാക്കിയതും. ഇത് പരിശോധിക്കേണ്ട വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ

വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യം പരിശോധിച്ചിട്ടില്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനട്സ് പരിശോധിച്ചതിൽ ഒരു പദ്ധതികളുടെയും മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല എന്ന് വ്യക്തമാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/24 തീ.14-08-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-14 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിതകർമ്മ സേന - പ്രവർത്തന അവലോകനം

ഓഡിറ്റ് മാനദണ്ഡങ്ങൾ (criteria)

I കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം

A) പരിസ്ഥിതി സംരക്ഷണ നിയമം-1986

IIകേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ

2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ

3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

IIIകേ.പ.രാജ് ,കേ.മു. നിയമങ്ങൾ

എ) കേ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218,219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ബി) 2024-ലെ കേരള പഞ്ച യത്ത് ര ജ് (ഭേദഗതി) ആക്റ്റ്(2023ഡിസംബർ 9-ാം തീയതി

പ്രാബല്യത്തില് വന്നത്)

സി)കേ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326,329,331,332,334,334എ,ബി,സി,335,336 മുതൽ345വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ഡി)2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി

പ്രാബല്യത്തില് വന്നത്)

IVസംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

3)12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ ( III (എ) കാണുക) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും സ്ഥാപന പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർ താമസക്കാർ മറ്റ് മാലിന്യ സ്രാഷ്ടാക്കൾ എന്നിവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു.ചവറും ഖരാവസ്ഥയിലുള്ള

മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും വീട്ടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നതും ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു.കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക, സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും ഉപയോഗം നിയന്ത്രിക്കലും പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുകയും ചെയ്യുക, പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക, മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക, ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക, മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രാഷ്ടാക്കളുടെ ചുമതലയിൽപ്പെടുന്നു.

ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങൾ

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്.ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്.ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2)മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയുംവ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3)ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വെക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവനുള്ള പ്രവർത്തനങ്ങൾ വീട്ടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവുശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4)ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക,ഇവ ഇതിനായി തയ്യാറാക്കുന്ന

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി(ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക ,ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി.മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യംവരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ( 10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക,മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി.പി.ആർ. ഇവർ തയ്യാറാക്കേണ്ടതുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകൻ (സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം,സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം .മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10)സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ ( ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോ വേസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിവിശേഷവും ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

നിലവിലെ അവസ്ഥ

26.01.2024ന് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണമാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക,മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാകുക, ഉറവിട മാലിന്യസംസ്കരണ സാധ്യത നിലനില്ക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥനപ്പെടുത്തിയാണ് ഗ്രാമം മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം മുന്നോട്ടു പോയിട്ടുണ്ടെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

ക്രമ നം.4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 2018ൽ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 19വാർഡുകളിലായി 38 സേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശരിയായ വിധം പ്രതിമാസം ശേഖരിക്കുകയെന്ന ലക്ഷ്യം പൂർണ്ണ തോതിൽ പ്രാവർത്തികമായിട്ടില്ല. സേനകളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ തന്നെ സജീവമായിട്ടുണ്ടെങ്കിലും കഴിഞ്ഞ ഒരു വർഷത്തിൽ ഈ സ്ഥാപനത്തിലെ പ്രവർത്തനങ്ങളിൽ കണ്ട അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

ഹരിത കർമ്മസേന പിരിച്ചെടുത്ത ഫീസ് വിവരങ്ങൾ -

ഹരിതകർമ്മസേനയുടെ കഴിഞ്ഞ ഒരു വർഷത്തെ ഫീസ് പിരിവ് അവലോകനം നടത്തുന്നതിനായി ഓഡിറ്റ് നൽകിയ എൻക്വയറിയ്ക്ക് (4/23-24 Dtd 13-08-2024) ഹരിതകർമ്മ സേന പരിച്ചെടുത്ത ആകെ കെട്ടിടങ്ങളുടെയും ഈടാക്കിയ യൂസർഫീയുടെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2023-2024 ൽ യൂസർ ഫീ പിരിവ് ഈടാക്കിയത് സംബന്ധിച്ച കൃത്യമായ l സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ദിവസേനയുള്ള വരവ് സംക്ഷിപ്തം എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല . ഇതിനാൽ പിരിവ് തുക ബാങ്കിൽ അടവാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഈ അപാകത വിശദമായി ഈ റിപ്പാർട്ടിലെ ഖണ്ഡിക 1-10 ൽ പരിമർശിച്ചിട്ടുണ്ട്. 2024 മാർച്ച് മാസത്തെ കണക്ക് മാത്രമാണ് കൃത്യമായി ലഭ്യമാക്കിയിട്ടുള്ളത്. ഇതിനാൽ അവലോകനം നടത്താൻ കഴിഞ്ഞിട്ടില്ല.

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | | പിരിവിന്റെ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകള് | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 11869 | 2947 | വിവരം ലഭ്യ മാക്കി യില്ല | വിവരം ലഭ്യ മാക്കി യില്ല | 8090 | 446 | വിവരം ലഭ്യ മാക്കി യില്ല | വിവരം ലഭ്യ മാക്കി യില്ല | 284875 | 31400 | വിവരം ലഭ്യ മാക്കി യില്ല | വിവരം ലഭ്യ മാക്കി യില്ല | 68% | 15% |

2024 മാർച്ച് മാസം റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 68ശതമാനവും മറ്റ് കെട്ടിടങ്ങളിൽ നിന്നും 15 ശതമാനവും മാത്രമാണ് യൂസർ ഫീ പിരിവ് എത്തിയതെന്ന് കാണാം. മറ്റ് കെട്ടിടങ്ങളിൽ എല്ലാത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നിരുന്നാലും 2023-24വർഷം പഞ്ചായത്ത് എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് നൽകിയ 590 സ്ഥാപനങ്ങളിൽ നിന്നും മുഴുവനായി യൂസർഫീ പിരിച്ചിട്ടില്ല എന്നത് ഹരിതർമ്മസേനയുടെ ഭാഗത്തു നിന്നും, പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള വലിയ വീഴ്ചയാണ്. യൂസർഫീ പിരിവ് കാര്യക്ഷമമല്ലാത്തത് മൂലം വളരെ കുറഞ്ഞ വരുമാനം മാത്രമാണ് സേനാംഗങ്ങൾക്ക് ലഭിക്കുന്നതെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. പ്രതിമാസം നൂറുശതമാനം പിരിവിലേക്കെത്താൻ ഇനിയും വലിയ പ്രയത്നം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

എല്ലാ കെട്ടിടങ്ങളിൽ നിന്നുമുള്ള ഫീസ് പിരിവും മാലിന്യത്തിന്റെ നീക്കവും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്ന സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ നിർവ്വഹണം നടന്നുവരുന്നതേയുള്ളൂവെന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകളിൽ നിന്നും ബോധ്യമാകുന്നു. നാളിതുവരെ 8213 വീടുകളിലും 460 വാണിജ്യകെട്ടിടങ്ങളിലും QR കോഡ് പതിച്ചിട്ടുണ്ട്. QR കോഡ് പതിക്കുന്നതിന് ഇനിയും വലിയ തോതിൽ കെട്ടിടങ്ങൾ പഞ്ചായത്തിൽ അവശേഷിക്കുന്നെണ്ടെന്ന് വ്യക്തമാണ്.

റിജക്ട് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ ഹരിതകർമ്മസേന സ്വീകരിക്കുന്നുണ്ട്. 7-09-2020-ലെ ഡി.സി1/282/2020/ത.സ.ഭ.വനം.സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുകളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി, 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. എന്നാൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തിൽ പ്ലാൻ ഉണ്ടെങ്കിലും ആയത് നാളിതുവരെ പൂർണ്ണ രീതിയിലായിട്ടില്ല. അജൈവ പാഴ് വസ്തുകൾ ശേഖരിക്കുന്നതിനായി കിലോയ്ക്ക് 10/-രൂപ നിരക്കിൽ പ്രത്യേക ഫീസ് ഏർപ്പെടുത്തി ഈടാക്കുന്നുണ്ടെങ്കിലും ഈടാക്കിയ തുക സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് വർഷം ഉൾപ്പടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും യാതൊരു വരവും ഈയിനത്തിൽ സേനയ്ക്ക് ലഭിച്ചില്ലെങ്കിലും 2021-22, 2022-23, 2023-24 വർഷങ്ങളിൽ യഥാക്രമം 582400/-രൂപയും 479139/-രൂപയും 685161/-രൂപയും റിജക്ട് മാലിന്യം കയറ്റി അയക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. റിജക്ട് വേസ്റ്റിന് അത് കൈയ്യൊഴിയുന്നതിനുള്ള ചെലവിന് ആനുപാതികമായി തുക ഈടാക്കാത്തത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് ബാധ്യത വരുത്തുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ

2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ ഗ്രാമപഞ്ചായത്ത് വലിയ തുക വിനിയോഗിച്ചിട്ടുണ്ട്. MCFൽ അടിസ്ഥാന സൗകര്യമൊരുക്കൽ, ഹരിതസഹായ സംഘത്തിന് തുക നൽകൽ,ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങലും വാഹനം വാങ്ങലും, ഡ്രൈവർക്ക് വേതനം നൽകൽ, അജൈവമാലിന്യം സംസ്കരണം, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, ഗാർഹിക തലത്തിൽ മാലിന്യം തരം തിരിക്കുന്നതിന് സഞ്ചി വിതരണം, MCF വാടക തുടങ്ങിയ ഇനങ്ങളിലാണ് പഞ്ചായത്ത് തുക ചെലവഴിച്ചിരിക്കുന്നത്. മേല്പറഞ്ഞ ഇടപെടലുകളിൽ പോരായ്മ/അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

MCFലെ അടിസ്ഥാന സൗകര്യം - പഞ്ചായത്തിന് നാളിതുവരെയായി സ്വന്തമായി എം.സി.എഫ് യൂണിറ്റില്ല. വാടകയ്ക്കാണ് നിലവിലെ എം.സി.എഫ് പ്രവർത്തിക്കുന്നത്. MCF സ്ഥാപനത്തിൽ

ഒരുക്കിയിട്ടുണ്ട്. ഇതിൽ ഷ്രെഡ്ഡിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ എന്നിവ ഒഴികെ മറ്റ് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെഗ്രഗേറ്റ് ചെയ്തതും ചെയ്യാത്തതുമായ മാലിന്യങ്ങൾ സമയബന്ധിതമായി കയറ്റി കൊണ്ടുപോവാത്തതിനാൽ എം.സി.എഫിൽ ഇവ സ്റ്റോക്ക് ചെയ്യാൻ സ്ഥല പരിമിതിയുള്ളതായി 17-08-24 ന് സ്ഥല പരിശോധന നടത്തിയതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എം.സി.എഫ്. ൽ ബെയിലിംഗ് മെഷീനോ ഷ്രഡിംഗ് മെഷീനോ ലഭ്യമാക്കിയാൽ തരം തിരിച്ച അജൈവ മാലിന്യം കെട്ടിടക്കിടക്കുന്നത് ഒഴിവാക്കാവുന്നതും റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുന്നതിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതുമാണ്. കൂടുതൽ സ്ഥലസൗകര്യമുള്ളതും പഞ്ചായത്തിന്റെ സ്വന്തം ഉടമസ്ഥതയിലുള്ളതുമായ എം.സി.എഫ് യൂണിറ്റ് ലഭ്യമാക്കേണ്ടത് സേനയുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ - അതിദരിദ്ര,അഗതി ആശ്രയ പദ്ധതിയിൽ പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 99 കുടുംബങ്ങൾ സ്ഥാപനത്തിലുണ്ട്. ഇവരുടെ വീട്ടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് ഹരിതകർമ്മ സേനയ്ക്ക് നല്കേണ്ടത്. പ്രതിമാസം 50/-രൂപ നിരക്കിൽ 59400/-രൂപ പ്രതിവർഷം (99X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ 68400/-രൂപ വകയിരുത്തി 2023-24ൽ പദ്ധതി കൊണ്ടുവന്നെങ്കിലും 11750/-രൂപയാണ് ആകെ സേനയ്ക്ക് നൽകിയിട്ടുള്ളത്.

ഉറവിട മാലിന്യ സംസ്കരണം -പഞ്ചായത്തിൽ ഉറവിടമാലിന്യ സംസ്കരണത്തിനായി റിംഗ് കംമ്പോസ്റ്റുകൾവിതരണം ചെയ്തിരിക്കുന്നത്. എന്നാൽ റിംഗ് കംപോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തതിൽ അപാകതകളുള്ളതായി ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ൽ പരാമർശിച്ചിട്ടുണ്ട്. നൂറ് കണക്കിന് കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ വീടുകൾക്ക് ആവശ്യമായ റിംഗ് കംപോസ്റ്റ് യൂണിറ്റാണ് വിതരണം ചെയ്തിരിക്കുന്നത്. കൂടാതെ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കാനായി വീടുകളിൽ പ്ലാസ്റ്റിക് സഞ്ചി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി നിർവ്വഹണത്തിലെ അപാകത ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. റിംഗ് കംപോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യാത്ത മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടു എന്നത് വ്യക്തമല്ല.

അജൈവമാലിന്യം (റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്- അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ 'ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ' എന്ന കമ്പനിക്ക് പ്രജക്ട് തയ്യാറാക്കി കിലോയ്ക്ക് 6.75രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്ട് മാലിന്യങ്ങളാണ് ഇപ്രകാരം കൈയ്യൊഴിഞ്ഞിരിക്കുന്നത്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് കിലോയ്ക്ക് 10രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഇതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുമ്പോൾ നടത്തുന്ന ഭാര പരിശോധനയിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഒരാളെ പരിശോധനയ്ക്കായി നിർബന്ധമായും ചുമതലപ്പെടുത്തേണ്ടതാണ്.

മറ്റ് പോരായ്മകൾ

എ) പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്ത ഗ്രാമമായി 26.01.2024ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇനിയും സ്ഥാപനം മുന്നേറേണ്ടതുണ്ടെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ബി) ക്രമനം.2 ൽ പ്രതിപാദിച്ച ബൈലോയിൽ പറഞ്ഞ പ്രകാരം പ്രതിമാസ ഫീസ് കൂടാതെ പ്ലാസ്റ്റിക് പാക്കിംഗ് മെറ്റീരിയൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനുള്ള ഫീസ് പിരിക്കുന്നില്ല. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലോയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ ഒരു ഫീ സ്ഥാപനം ഈടാക്കുന്നില്ല.

സി) ഹരിതകർമ്മസേനയ്ക്കൊപ്പം വിവിധ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ

സേനാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിക്കപ്പെട്ടിട്ടുണ്ട്.ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ (ഉദാ- സെഗ്രഗേഷൻ,സ്വാപ്പ് ഷോപ്പുകൾ) യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച്(ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ,ഈമേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ച യത്ത് രാജ് (ഭേദഗതി) ആക്റ്റിലെ സെക്ഷൻ എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം,ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ പ്രതിമാസം 50/100രൂപ നിരക്കിൽ ഈടാക്കുന്ന ഫീസ് മാത്രമാണ് പ്രതിപാദിച്ചത് എന്നതിനാൽ, പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, റിജക്ട് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലാ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

1-15 കുടിവെള്ള വിതരണം പ്രൊജക്ട് നിർവ്വഹണത്തിൽ അപാകതകൾ.

പ്രോജക്ട് നമ്പർ : 203/2023-24,

പ്രോജക്ട് : കുടിവെള്ള വിതരണം.

അടങ്കൽ - 150000/- (തനത് ഫണ്ട്)

ചെലവ് - 95000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ചെക്ക്/വൌച്ചർ നമ്പർ, തീയതി - Co-Operative Bank 70513/23.09.23.

പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ക്വട്ടേഷൻ വിളിച്ച് വാടകക്ക് വാഹനം എടുത്ത് വിതരണം ചെയ്യുവാൻ ഭരണസമിതി 19.04.23 ലെ 2/1 നമ്പർ പ്രകാരം തീരുമാനിക്കുകയും 2/2 പ്രകാരം വാട്ടർടാങ്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ തീരുമാനിച്ചു.

പ്രോജക്ടു നിർവ്വഹണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും ലഭ്യമായ 3 ക്വട്ടേഷനുകളിൽ നിന്നും തെരഞ്ഞെടുത്ത ശ്രീ.റോബി ജോസഫ് എന്നവരുടെ KL-63A-970 നമ്പർ വാഹനത്തിൽ പ്രതിദിനം 2500/- രൂപ നിരക്കിൽ വിവിധ വാർഡുകളിൽ വെള്ളം വിതരണത്തിന് അനുമതി നൽകി. നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. 150000/- രൂപക്കുള്ള മേൽ പറഞ്ഞ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചത് ശരിയായ നടപടിക്രമമല്ല. ഒരു ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾക്ക് ചട്ടപ്രകാരം ടെൻഡർ നടപടികളാണ് സ്വീകരിക്കേണ്ടത്.

2. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ GO ( Rt) No.564/2023/LSGD Dt 06.03.2023 പ്രകാരമുള്ള ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

3 കുടിവെള്ളവുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27/03/22 ലെ DDPKKD/852/2022-B3 പ്രകാരമുള്ള ഉത്തരവും നടപ്പാക്കിയിട്ടില്ല.

4. വാഹനത്തിൽ ജിപിഎസ് ഘടിപ്പിക്കൽ, വെള്ളത്തിന്റെ പരിശോധന റിപ്പോർട്ട് എന്നിവയും ഫയലിൽ ഉണ്ടായിരുന്നില്ല.

5. ഭരണസമിതിയുടെ 24/07/2023 ലെ 5/1 നമ്പർ തീരുമാനം, 31.07.2023 ലെ 1/1 നമ്പർ തീരുമാനം എന്നിവ പ്രകാരം കരാറുകാരന് 130000/- രൂപ അനുവദിക്കാൻ തീരുമാനിച്ചു. ഇത് ഏതു രേഖകളുടെ അടിസ്ഥാനത്തിലാണെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. അനുവദിച്ച തുക 95000/ രൂപയാണ്.

6. 10/05/23 മുതൽ 16/06/23 വരെ വിതരണം ചെയ്തതായി വിവിധ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ദിവസം എത്ര ലിറ്റർ വെള്ളമാണ് വിതരണം ചെയ്തതെന്നോ ഏതു സ്ഥലങ്ങളിലാണ് വിതരണമെന്നോ ലോഗ്, ജിപിഎസ് -ന്റെ അഭാവത്തിൽ ഉറപ്പു വരുത്താനാകുന്നതുമല്ല.

മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/ 16.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ – വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ – 143/24

പ്രോജക്ട് : സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ.കെ.എസ്.ഇ.ബി ക്ക് തുക അടവാക്കൽ.

അടങ്കൽ - 740514.- (CFC-Basic Grant)

ചെലവ് - 517514.- (CFC-Basic Grant)

വൗച്ചർ നമ്പർ, തീയതി - XVFC/2023-24/P/30 Dt 19/03/24 .

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി.

മുകളിൽ ചേർത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി കെ എസ് സി ബി യിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരം (Ele Div, Nadapuram) തുക അടവാക്കിയിട്ടുണ്ട്. സെക്രട്ടറിയുമായി ചമച്ച കരാറിന്റെ കാലാവധി 25.7.2024 ആണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ കോപ്പി, പെർഫോർമൻസ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/16.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 ഇറിഗേഷൻ വകുപ്പിലേക്ക് ഡെപ്പോസിറ്റ് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

I. പ്രോജക്ട് നമ്പർ 247/2023-24 കടുക്കാംകുഴി താഴെ കൾവർട്ട് നിർമ്മാണം ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് നൽകൽ.

അടങ്കൽ - 600000 (സി.എഫ്.സി. ബേസിക് ഗ്രാൻറ്-300000/-+ തനത് ഫണ്ട്-300000)

ചെലവ് - 590000 (സി.എഫ്.സി. ബേസിക് ഗ്രാൻറ്-300000/-+തനത് ഫണ്ട്-290000)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ചെക്ക്/വൌച്ചർ നമ്പർ, തീയതി - XVFC/2023-24/P/24 Dt 04/03/24 -300000/- തനത് ഫണ്ട്-290000/-

II. പ്രോജക്ട് നമ്പർ 246/2023-24 കരുവാങ്കണ്ടി പീടികക്കണ്ടി താഴ കൾവർട്ട് നിർമ്മാണം ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് നൽകൽ.

അടങ്കൽ - 600000 ( തനത്ഫണ്ട്-600000)

ചെലവ് - 590000 ( തനത്ഫണ്ട്-590000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെക്ക്/വൌച്ചർ നമ്പർ, തീയതി - SB 5910275 Dt 29.02.24 – 590000/-

ഗതാഗതം സുഗമമാക്കുന്നതിനു വേണ്ടി കൾവർട്ട് നിർമ്മാണത്തിനായി തയ്യാറാക്കിയ മേൽ ചേർത്ത രണ്ടു പ്രോജക്ടുകൾക്കുള്ള തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത ഇനത്തിലെ തുകകൾ പേരാമ്പ്ര കെ വൈ ഐ പി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണ് അടവാക്കിയിട്ടുള്ളത്. നമ്പർ എ3-225/2024 തീയതി 28.06.24 പ്രകാരം കരാർ ഉടമ്പടി സെക്രട്ടറിയുമായി ചമച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ/പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ്/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/ 14.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 എ.ബി.സി പ്രോജക്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ : 13/24

ചെലവ് : 25000/-.

പ്രോജക്ടിന്റെ പേര് : എ.ബി.സി പഞ്ചായത്ത് വിഹിതം.

ബിൽ നം. 23160652023901036031/06.01.24.

മേൽ പ്രോജക്ട് നിർവഹണത്തിനായി സെക്രട്ടറി ജില്ലാ പഞ്ചായത്തിലേക്ക് തുക ഡെപ്പൊസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രവർത്തിയുടെ നിലവിലെ സ്ഥിതി, വിശദാംശങ്ങൾ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ല .ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/16 .8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി അറിയിക്കുന്നത് വരെ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വിനിയോഗ വിവരം (ഐകെഎം) ലഭ്യമായിട്ടില്ല.

ഐ.കെ.എം -ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. .

| | |
|---|---|
| പ്രൊജക്ട് നം. | 4/24 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.ചെക്കനം., തിയ്യതി | 23160652023900500174/ 24.08.23 (109717/-) |
| അടങ്കൽ | 109717 /-(പ്ലാൻഫണ്ട്)<br>109717/- |

തുക അടവാക്കിയതിന്റെ കൈപ്പറ്റ് ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 സാക്ഷരത തുല്യതാ പഠനം - പദ്ധതി നിർവ്വഹണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മസ്റ്റർ |

| | |
|---|---|
| പ്രോജക്റ്റ് നം. | 88/24. |
| ഫണ്ട് | ധനകാര്യ കമ്മിഷൻ ഗ്രാന്റ്. |
| അടങ്കൽ | 166000/- |
| ചെലവ് | 72750/- |
| വൗച്ചർ നം, തീയതി | 37038/21.3.24 |

പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 10-ാം തരം, പ്ലസ്-വൺ, എന്നീ കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് ഫീ സാക്ഷരതാമിഷനിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സാക്ഷരതാ പ്രേരക് തൻവർഷത്തെ കോഴ്സ് , പരീക്ഷ പൂർത്തിയാകാനുണ്ടെന്നും അറിയിച്ചു. കോഴ്സ് ഫീ നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്ലാസ് | പഠിതാക്കളുടെ എണ്ണം | കോഴ്സ് ഫീ | ആകെ |
|---|---|---|---|
| 10 -ാം തരം | 7 | 7x1850 | 12950 |
| ഹയർസെക്കന്ററി | 26 | 26x2300 | 59800 |
| | | ആകെ | 72750 |

തുക അടവാക്കിയതിന്റെ വിനിയോഗവിവരവും, രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കി പരീക്ഷക്ക് ഹാജരാകുന്നതിന്റെയും രേഖകൾ പഠനം പൂർത്തിയാകുന്നമുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/17.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 72750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒതയോത്ത് നടക്കൽ താഴെ റോഡ് നവീകരണം (പ്രൊ നം, 225/24)എന്ന പ്രവൃത്തിയുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out, Construction Of Shoring And Bracing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി 50 Cm മാത്രം ആഴമുള്ള ഖനനങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണുന്നു. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രൊ.നം, പേര് | ഒതയോത്ത് നടക്കൽ താഴെ റോഡ് നവീകരണം (പ്രൊ നം, |

| | |
|---|---|
| | 225/24) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, നിരക്ക് | 11.1.1.1, 750.44 |
| ഖനന പ്രവൃത്തിയുടെ അളവ്, ആഴം | 5.25 Cm , 50 Cm |
| കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | 620.11 |

തൻവർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയ സമാന സ്വഭാവമുള്ള മറ്റ് ഖനന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 3.5.1 (Mord), 2.8.1, 2.6.1 (DAR) എന്നീ ഇനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നത് പ്രസക്തമാണ്. സമാന സാഹചര്യവും സ്വഭാവവുമുള്ള പ്രവൃത്തിക്ക് 3.5.1 പ്രകാരമുള്ള ഇനം പ്രയോജനപ്പെടുത്തിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(b)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്.

3.5.1 ന് പകരം ഫൗണ്ടേഷനുള്ള 11.1.1.1 തെരഞ്ഞെടുക്കുകയും പ്രസ്തുത നിരക്കിൽ പ്രവർത്തി നിർവ്വഹിക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. MorD ലെ 3.5.1 മുതൽ 3.6 വരെയുള്ള ഇനങ്ങളുടെ നിരക്ക് 52.7 രൂപ മുതൽ 351.78 വരെ മാത്രമാണ്. മേൽ സാഹചര്യത്തിലാണ് 750.44 രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. അപാകതകൾക്ക് 12.08.2024 മുൻപായി വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-22 വാഹന വാടക- സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എൽ.ഐ.ഡി & ഇ.ഡബ്ല്യൂ ഓഫീസിലെ വാഹന വാടക ( പ്രൊ നം, 17/24) എന്ന പദ്ധതിയുടെ ഭാഗമായി നാരായണൻ എന്നവരുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിലേർപ്പെടുകയും KL 20 C 3040 എന്ന വാഹനത്തിന്റെ വാടക ഇനത്തിൽ 2023-24 വർഷത്തിൽ 392760 രൂപ തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും ഒരു ശതമാനം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ 392760 രൂപ കരാറുകാരന് കൈമാറിയ സാഹചര്യത്തിലും ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ

വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും അപാകതകൾക്ക് 12.08.2024 മുൻപായി മറുപടി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 3927 രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതും കരാറുകാരൻ വാടക ഇനത്തിലെ വരുമാനം ഉൾപ്പെടുത്തി ആദായ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കി രേഖാമൂലം വിവരം അറിയിക്കേണ്ടതുമാണ്.

1-23 കുറഞ്ഞ അളവില്ലുള്ള ടൈലിന് ഉയർന്ന നിരക്കിൽ തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നടുപറമ്പിൽ സാംസ്കാരിക നിലയം ( പ്രൊ നം, 76/24) എന്ന പദ്ധതിയുടെ തറനിർമ്മിതിക്കായി DAR 11.49.3 പ്രകാരം 800x800 അളവിലുള്ള വിട്രിഫൈഡ് ടൈൽ പതിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ 2171.71 രൂപ നിരക്കിൽ 42.238 ച.മീ ന് GST ഉൾപ്പെടെ 108239.9 രൂപ അനുവദിച്ച് നൽകുന്നതിനുള്ള ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടൈൽ ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 2023-24 വർഷത്തിലാണെങ്കിലും ഓഡിറ്റ് വർഷത്തിൽ കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടില്ല.പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ നം, പേര് | 76,നടുപ്പറമ്പ് സാംസ്കാരിക നിലയം നവീകരണം |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 1148/2024 |
| അടങ്കൽ | SCP- 500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സോണി.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി, എ.എക്സ്.ഇ |
| ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി, എ.എക്സ്.ഇ |

പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 14.08.2024 തിയ്യതിയിലെ സ്ഥല പരിശോധനയിൽ ആസ്തിയിലേക്ക് വഴി സൗകര്യം ലഭ്യമല്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. ആസ്തി പ്രയോജനപ്പെടുത്തുന്നതിന് ഏറ്റവും പ്രധാനമായ വഴി സൗകര്യം ലഭ്യമാക്കാതെയും ആസ്തിയിലേക്ക് വൈദ്യുതി ലഭ്യമാക്കാതെയും നവീകരണ പ്രവൃത്തിക്ക് മുൻഗണന നിശ്ചയിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. 11.49.3 പ്രകാരം 800x800mm വിട്രിഫൈഡ് ടൈലാണ് പതിക്കേണ്ടത്. 800X800mm അളവിലുള്ള ടൈലുകൾ സാധാരണമല്ലാതിരിക്കെ പ്രസ്തുത ഇനം തെരഞ്ഞെടുത്തതിന്റെ കാരണം എസ്റ്റിമേറ്റ്

റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. സ്ഥല പരിശോധനയിൽ ടൈലിന്റെ അളവ് 600x600 ആണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. DAR 11.49.2 പ്രകാരമുള്ള 600x600 വിട്രിഫൈഡ് ടൈൽ പതിക്കുന്നതിനുള്ള ഇനത്തിന്റെ പരമാവധി നിരക്ക് 1906.94 രൂപയാണ്. 42.238 ച.മീറ്ററിന് അനുവദിക്കാവുന്ന പരമാവധി തുക 95043.5 രൂപയാണ് (എസ്റ്റേമേറ്റ് നിരക്കിൽ) . എന്നാൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ എ.ഇ തയ്യാറാക്കിയ ബില്ലിൽ 13196 രൂപ അധികമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ല് പുനപരിശോധിക്കേണ്ടതും കരാറുകാരന് അധിക തുക നൽകപ്പെടുന്നില്ലെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്.

## 1-24 പകൽ വീട് നിർമ്മാണം- പ്രവൃത്തി ഭാഗികമായി ആസൂത്രണം ചെയ്തു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പകൽ വീട് നിർമ്മാണം ( പ്രൊ നം, 251/24) എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ പന്തീരിക്കരയുള്ള ഷോപ്പിംഗ് കോംപ്ലക്സിന് മുകളിലായി കെട്ടിടം നിർമ്മിക്കുന്നതിനാണ് ഏക വർഷ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ കോളങ്ങൾ നിർമ്മിക്കുന്നതിനും ചുമരുകൾ , ലിന്റൽ, സ്റ്റീൽ വർക് , ജി.ഐ ട്രാഫോഡ് ഷീറ്റ് റൂഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ഇനങ്ങൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതിയുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- 14.08.2024 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടം പന്തീരിക്കരയുള്ള ഷോപ്പിംഗ് കോംപ്ലക്സിന് മുകളിലായാണ് നിർമ്മിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വയോജനങ്ങൾ ഗുണഭോക്താക്കളായുള്ള പ്രസ്തുത പദ്ധതിക്ക് ഒന്നാം നിലയിൽ കെട്ടിടം നിർമ്മിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. കെട്ടിടത്തോട് ചേർന്നുള്ള പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാത്ത കെട്ടിടം നവീകരിച്ച് പകൽ വീടായി ഉപയോഗിക്കാനുള്ള സാധ്യത സ്ഥാപനം പരിശോധിച്ചിട്ടില്ല.
- ജനൽ, വാതിൽ, പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ് , സീലിംഗ് , പെയിന്റിംഗ് , ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ ഉൾപ്പെടുത്താതെ കെട്ടിടം ഭാഗികമായി ആസൂത്രണം ചെയ്താണ് നിർവ്വഹിച്ചിട്ടുള്ളത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കേണ്ടതാണെന്ന് 19.04.2022 തിയ്യതിയിലെ സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4(8) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തണം. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അഭികാമ്യമല്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കുന്നതാണ് ഉചിതമാവുക. കെട്ടിടം ഭാഗികമായി ആസൂത്രണം ചെയ്തതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആസ്തി നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 അനിവാര്യമല്ലാത്ത ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കൂമുള്ള മലയിൽ കുടിവെള്ള പദ്ധതിയുടെ (പ്രൊ നം, 251/24) ഭാഗമായി വാട്ടർ ടാങ്കിന്റെ ഉൾവശം വൃത്തിയാക്കുന്നതിനായി DAR 14.75.A പ്രകാരമുള്ള Cleaning Of Terrace/Loft Water Storage Tank (Inside Surface Area) Upto 2000 Litre Capacity At All Heights With Coconut Brushes, Duster Etc., Removal Of Silt, Rubbish From The Tank And Cleaning The Tank With Fresh Water Disinfecting With Bleaching Powder എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും എം ബുക്കിൽ പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ 11297 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ടാങ്കിന്

ഉൾവശത്തെ പ്ലാസ്റ്ററിംഗ് പൊളിച്ച് മാറ്റുന്നതിനും അടിവശം 4.11 പ്രകാരം Damp Proof Concrete നിർവ്വഹിക്കുന്നതിനും വശങ്ങളിൽ 13.1.1 പ്രകാരം 12 Mm പ്ലാസ്റ്ററിംഗ് നിർവ്വഹിക്കുന്നതിനും 11.36 പ്രകാരം വാൾ ടൈൽ പതിക്കുന്നതിനും ആസൂത്രണം ചെയത് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പൊളിച്ച് മാറ്റി ടൈൽ പതിക്കുന്നതിന് ആസൂത്രണം ചെയ്ത ടാങ്കിന്റെ ഉൾവശം ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെ ഉപയോഗിച്ച് അണുനശീകരണം നടത്തുകയും ഉരച്ച് കഴുകി വൃത്തിയാക്കുകയും ചെയ്യുന്നതിനുള്ള 14.75.A പ്രകാരമുള്ള ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ആവശ്യമില്ലാത്ത പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 11297 രൂപയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18/2023-24 തീയതി 16.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 പ്രവൃത്തിയുടെ സ്വഭാവത്തിൽ മാറ്റം വന്നിട്ടും റീ ടെണ്ടർ ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സൂപ്പിക്കട മണൽകുന്ന് റോഡ് ( പ്രൊ നം, 174/24) എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 250 മീറ്റർ ചെയിനേജിൽ റീ ടാറിംഗിനായി സ്കാരിഫൈ, സോയിൽ റിമൂവിംഗ്, ടാക് കോട്ട്, പോട് ഹോൾ ഫില്ലിംഗ്, ജി.എസ്.ബി, ഡബ്ലിയു.എം.എം പ്രൈം കോട്ട്, മിക്സഡ് സീൽ സർഫേസിംഗ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തുകയും ക്വട്ടേഷൻ ചെയ്ത് 13.04.2023 തിയ്യതിയിൽ ചന്ദ്രൻ തിയ്യറോത്ത് താഴെ എന്ന കരാറുകാരനുമായി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റീ ടാറിംഗിന് പകരം കോൺക്രീറ്റ് പ്രവൃത്തിയാണ് സൈറ്റിൽ നിർവ്വഹിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല.

പ്രവൃത്തിയുടെ സ്വഭാവത്തിലും ഇനങ്ങളിലും സമൂലമായ മാറ്റം ഉണ്ടായിട്ടും റീ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ടാറിംഗ് പ്രവൃത്തിക്ക് ക്വട്ടേഷൻ സമർപ്പിച്ച കരാറുകാരന് തന്നെ പ്രവൃത്തി ഏൽപ്പിച്ച് നൽകിയ നടപടി സ്ഥാപനത്തിന് ലാഭകരമല്ല. ഇ-ടെണ്ടർ ചെയ്തതും കോൺക്രീറ്റ് ഇനങ്ങൾ ഉൾപ്പെടുന്നതുമായ പ്രവൃത്തികളിൽ കരാറുകാർ കോൺക്രീറ്റ് ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യം നിലനിൽക്കവെയാണ് പുനർ ടെണ്ടർ നടപടി സ്വീകരിക്കാതെ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഉദാ- ചർത്തിപ്പാറ കോളനി റോഡ് കോൺക്രീറ്റ് പ്രവൃത്തി പ്രകാരം 7422.17 രൂപ നിരക്കിലാണ് 75.8.1 പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചത്. എന്നാൽ 8900.75 രൂപ നിരക്കിലാണ് സൂപ്പിക്കട മണൽകുന്ന് റോഡ് പ്രവൃത്തിയിൽ ഇതേ ഇനം നിർവ്വഹിച്ചിട്ടുള്ളത്.

06.07.2023 തിയ്യതിയിലെ 9-ാം വാർഡ് മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 24 .07.2023 തിയ്യതിയിലെ ഭരണസമിതി തീരുമാന പ്രകാരം പ്രവൃത്തി റീടാറിംഗ് മാറ്റി കോൺക്രീറ്റിംഗ് പ്രവൃത്തിയാക്കിയിട്ടുണ്ട് . മാറ്റം വരുത്തേണ്ട പ്രവൃത്തികളുടെ ഇനം, ആയതിന്റെ അനിവാര്യത എന്നിവ വ്യക്തമാക്കാതെയാണ് തീരുമാനം എടുത്തിട്ടുള്ളത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ് . മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി നിർവ്വഹണം നടത്താൻ പാടില്ല. ഇക്കാര്യത്തിൽ 21.8.18-ലെ ഇ.20/6699/2018/ സി.ഇ/ ത.സ്വ.ഭ.വ- നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്ക പ്പെട്ടിട്ടില്ല. പ്രവൃത്തിയുടെ സ്വഭാവത്തിലും അളവിലും മാറ്റമുണ്ടായ സാഹചര്യത്തിലും റീ ടെണ്ടർ നടപടികൾ സ്വീകരിക്കാത്തത് സ്ഥാപനത്തിന് നഷ്ടമുണ്ടാക്കിയിട്ടുണ്ട് . ചർത്തിപ്പാറ കോളനി റോഡ് കോൺക്രീറ്റ് പ്രവൃത്തി യുടെ കോൺക്രീറ്റിംഗിനുള്ള നിരക്കായ (75.8.1 ) 7422.17 രൂപയുമായി താരതമ്യപ്പെടുത്തുമ്പോൾ 51.98 Cm അളവിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നിർവ്വഹിച്ചതിന് ജി.എസ്.ടി ഉൾപ്പെടെ 90690.77 രൂപ അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ടെന്നത് വ്യക്തമാകുന്നു.

കരാർ ചമക്കുന്നതിലെ കാലതാമസം

സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം പിഴയില്ലാതെയും 15 മുതൽ 24ദിവസം വരെ

പിഴയോട് കൂടിയോ കരാർ ചമക്കേണ്ടതുണ്ട്. 24ദിവസത്തിന് ശേഷവും കരാർ ചമച്ചില്ലെങ്കിൽ നിരതദ്രവ്യം കണ്ട്കെട്ടി കരാറുകാരനെതിരെ നടപടി സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ യഥാസമയം കരാർ ചമക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെ സഹായിക്കാനായി നിർവ്വഹണ ഉദ്യോഗസ്ഥ രേഖകളിൽ കൃത്രിമം വരുത്തിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കരാർ ചമച്ച തിയ്യതിയായി മുദ്രപത്രത്തിൽരേഖപ്പെടുത്തിയത് 13.04.2023 തിയ്യതിയാണ് .എന്നാൽ മുദ്ര പത്രത്തിന്റെ തിയ്യതി കരാർ തിയ്യതിക്ക് 6 മാസത്തിന് ശേഷം 13.10.2023 തിയ്യതിയാണ്.

രേഖകൾ ലഭ്യമാക്കിയില്ല .

പ്രവൃത്തി ടെണ്ടർ ചെയ്തതിന്റെയോ, റീ ടെണ്ടർ നടപടി സ്വീകരിച്ചതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 സ്കാരിഫൈ ചെയ്യുന്ന മെറ്റീരിയൽ പുനരുപയോഗിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ റോഡ് നവീകരണ പ്രവൃത്തികളിൽ MORD 3.2 പ്രകാരമുള്ള Scarifying Existing Bituminous Surface To A Depth Of 150 Mm By Mechanical Means എന്ന ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നുണ്ട്. എന്നാൽ GSB ചെയ്യുന്ന അവസരത്തിൽ സ്കാരിഫൈ ചെയ്ത മെറ്റീരിയൽ പുനരുപയോഗിക്കുന്നതായോ GSB യുടെ അളവിൽ നിന്ന് കുറവ് ചെയ്യുന്നതായോ കാണുന്നില്ല. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വി.കെ റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ ഭാഗമായി 265.95 ച.മീ വിസ്തൃതിയിൽ 15 സെ.മി ആഴത്തിൽ സ്കാരിഫൈ ചെയ്തിട്ടുണ്ടെങ്കിലും സ്കാരിഫൈ ചെയ്ത മെറ്റീരിയൽ 336.15 ച.മീ വിസ്തൃതിയിൽ (33.615 Cum ) ജി.എസ്.ബി ചെയ്ത സാഹചര്യത്തിലും പുനരുപയോഗിച്ചതായി കാണുന്നില്ല. മെറ്റീരിയൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള ഇനമാണ് ഉപയോഗിച്ചതെങ്കിലും പുനരുപയോഗ സാധ്യത പരിശോധിച്ചില്ല.

ബിറ്റുമിൻ, ജി.എസ്.ബി, ഡബ്ലിയു.എം.എം എന്നീ പ്രതലങ്ങൾ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന മെറ്റീരിയൽ ജി.എസ്.ബി യായി ഉപയോഗപ്പെടുത്താമെന്നിരിക്കെ ഒരു പ്രവൃത്തിയിൽ പോലും മെറ്റീരിയൽ ഉപയോഗപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുകയോ മെറ്റീരിയൽ എവിടെ ഡിസ്പോസ് ചെയ്തു എന്നതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. 75.8.1 എന്ന ഇനത്തിന് പകരം ഫോം വർക്ക് ഇല്ലാത്ത 75.8.1.1A എന്ന ഇനമായിരുന്നു ഉപയോഗപ്പെടുത്തേണ്ടത്. ഇനങ്ങളുടെ നിരക്കിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| 75.8.1 | 75.8.1.1.A | വ്യത്യാസം |
|---|---|---|
| 8358.3 | 8027.67 | 330.63 |

14.08.2024 തിയ്യതിയിൽ സ്ഥല പരിശോധന ചർത്തിപ്പാറ റോഡ് കോൺക്രീറ്റ് (പ്രോ.നം- 255/24, എസ്റ്റിമേറ്റ് നം-139016/2023 ) പ്രവർത്തിക്ക് ഫോം വർക്ക് നിർവ്വഹിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.തയ്യാറാക്കിയ ബിൽ പ്രകാരം (22.03.2024 തിയ്യതിയിൽ എ.എക്സ്.ഇ അംഗീകരിച്ചതും ക്യൂ

ബിൽ ആയതുമായ ബിൽ ) 47.932 ഘനമീറ്റർ അളവിലാണ് 75.8.1 പ്രകാരം കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ കണക്കാക്കുമ്പോൾ 18700 രൂപ മേൽ പ്രവൃത്തിക്കായി അധിക ചെലവുണ്ടായിട്ടുണ്ടെന്നത് വ്യക്തമാണ്.

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നിരക്ക് 75.8.1 നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. 2023-24 വർഷത്തിൽ മുഴുവൻ കോൺക്രീറ്റ് റോഡുകൾക്കും 75.8.1 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്.

ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് ഇ-മെയിൽ മുഖേനയൊ നേരിട്ടോ മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് തുക നൽകിയതിൽ നിർവ്വഹിക്കാത്ത ഫോം വർക്കിനുള്ള തുക കൂടി ഉൾപ്പെട്ടതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആയത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-29 ഒതയോത്ത് നടക്കൽ റോഡ്- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒതയോത്ത് നടക്കൽ റോഡ് എന്ന പദ്ധതിയുടെ ( പ്രൊ.നം- 225/2) എം ബുക്ക് പ്രകാരമുള്ള അളവുകളും സൈറ്റ് അളവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- എം ബുക്ക് പ്രകാരം 21 മീറ്ററിൽ 11.1.1.1 പ്രകാരം ഖനനം ചെയ്ത് DR ചെയ്ത് ബെൽറ്റ് കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. DR ൽ നിന്നും 3.675 Cum Departmental Material കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലോ എം ബുക്കിലോ DR Masonry പൊളിച്ച് മാറ്റുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തുകയോ നിർവ്വഹിച്ചതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 14.08.2024 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നിന്നും നിലവിലുള്ള കരിങ്കൽ ഭിത്തിയുടെ അടിത്തറയുടെ മുകളിലാണ് DR Masonry നിർവ്വഹിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 21 മീറ്ററിൽ 11.1.1.1 പ്രകാരം ഖനന പ്രവൃത്തി ആവശ്യമില്ലായിരുന്നെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഖനന പ്രവർത്തിക്കായി ജി.എസ്.ടി ഉൾപ്പെടെ കരാറുകാരന് അനുവദിച്ച 3842 രൂപ ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.
- കോൺക്രീറ്റിംഗിന്റെ ഭാഗമായുള്ള ജി.എസ്.ബി , കോൺക്രീറ്റിംഗ് എന്നിവയുടെ ആദ്യത്തെ രണ്ട് മീറ്റർ ചെയിനേജിലെ പരമാവധി വീതിയായി എം ബുക്കിൽ രേഖപ്പെടുത്തിയത് 9.1 മീറ്ററാണ് . എന്നാൽ സ്ഥല പരിശോധനയിൽ പ്രസ്തുത ചെയിനേജിലെ പരമാവധി വീതി 8.4 മീറ്റർ മാത്രമാണെന്നത് ബോധ്യപ്പെട്ടു.

റോഡിന്റെ വീതി, നിർവ്വഹിച്ച ഇനങ്ങളുടെ അളവ് , കോൺക്രീറ്റിന്റെ കനം എന്നിവ പരിശോധിച്ച് രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.22/2023-24 തീയതി 16.08.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഖനന പ്രവൃത്തി നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് അനുവദിച്ച 3842 രൂപ പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു. പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-30 തേക്കുള്ള പറമ്പിൽ താഴെ മാവുള്ള കണ്ടി റോഡ്- ഭാഗികമായ ആസൂത്രണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നിർവ്വഹിച്ച തേക്കുള്ള പറമ്പിൽ താഴെ മാവുള്ളകണ്ടി റോഡ് നവീകരണം ( പ്രൊ.നം- 249/2024 ) എന്ന പദ്ധതി

ഭാഗികമായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. റോഡിന്റെ ഇരുവശങ്ങളിലും കരിങ്കല്ലിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ മാത്രമെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ളൂ. ആയതും ഭാഗികമായി മാത്രമെ നിർവ്വഹിച്ചിട്ടുള്ളൂ. ഭാഗികമായി മാത്രം പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ സബ് ബേസ് ഉൾപ്പെടെ തകർന്നതായി 14.08.2024 തിയ്യതിയിലെ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 2024-25 വർഷത്തേക്ക് ആസൂത്രണം ചെയ്ത പദ്ധതികൾ പരിശോധിച്ചതിൽ നിന്നും തുടർ പ്രവൃത്തികൾക്കായി പദ്ധതി ആസൂത്രണം ചെയ്തിട്ടില്ലെന്ന വസ്തുതയും വ്യക്തമായിട്ടുണ്ട്.

ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കേണ്ടതാണെന്ന് 19.04.2022 തിയ്യതിയിലെ സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4(8) ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിഗണിക്കാതെയാണ് പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്തിട്ടുള്ളത് .

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-31 ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പുല്ലാഞ്ഞിക്കാവ് കുടിവെള്ള പദ്ധതി , മുഞ്ഞോറ കുടിവെള്ള പദ്ധതി, മുതുവണ്ണാച്ച കുടിവെള്ള പദ്ധതി എന്നിവ പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുക, വാട്ടർ ടാങ്ക് സ്ഥാപിക്കുക, കിണർ നിർമ്മിക്കുക എന്നീ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് 16.10.2021 തിയ്യതിയിൽ തന്നെ സ്ഥാപനം ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെയാണ് കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മുതുവണ്ണാച്ച കുടിവെള്ള പദ്ധതിയുടെ ഭാഗമായി 2.7 കിലോമീറ്റർ നീളത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. വിപുലമായി ആസൂത്രണം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ഭൂരിഭാഗം ഗുണഭോക്താക്കളും ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാകാനുള്ള സാധ്യത കൂടുതലാണ്. ഓഡിറ്റ് വർഷത്തിൽ പ്രസ്തുത പദ്ധതിയിലൂടെ ജലവിതരണം ആരംഭിച്ചിട്ടില്ലെന്നതും പ്രസക്തമാണ്. ജൽജീവൻ മിഷന്റെ സാധ്യതകൾ പരിശോധിക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

- 19.04.2022 തിയ്യതിയിലെ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ" പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ കാരണം വ്യക്തമല്ല. പദ്ധതികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അടിയന്തിര സാഹചര്യം മുൻനിർത്തി ആസൂത്രണം ചെയ്തവയല്ലെന്നതും വ്യക്തമാണ്.

ജൽ ജീവൻ മിഷൻ പോലുള്ള ശാശ്വത പരിഹാരത്തിനുള്ള പദ്ധതി 2024-25 വർഷത്തിൽ നിലവിൽ വരുമെന്ന വസ്തുത പരിഗണിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ കാരണം

വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1-32 വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധികം തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മുതുവണ്ണാച്ച കുടിവെള്ള പദ്ധതി (പ്രൊ.നം 258/2024) പ്രവൃത്തിയുടെ ഭാഗമായി 25 Mm ,32 Mm , 50 Mm, 63 Mm, 75 Mm PVC വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റി ഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. അധിക അളവിൽ ഖനന പ്രവൃത്തികൾ നിർവ്വഹിച്ചു.

എസ്റ്റിമേറ്റ് പ്രകാരം 559.02 രൂപ നിരക്കിൽ 2600 മീറ്റർ നീളത്തിലും 30 Cm വീതിയിലും 50cm ആഴത്തിലും PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റിഫില്ലിംഗ് നടത്തുന്നതിനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എം ബുക്ക് പ്രകാരം താഴെ പറയുന്ന അളവിൽ പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| നീളം (M) | വീതി (M) | ആഴം (M) | അളവ് (Cubic Meter) |
|---|---|---|---|
| 255 | 0.3 | 0.5 | 38.25 |
| 58 | 0.3 | 0.5 | 8.7 |
| 177 | 0.3 | 0.5 | 26.55 |
| 28.7 | 0.3 | 0.5 | 4.305 |
| 86.2 | 0.3 | 0.5 | 12.93 |
| 155.3 | 0.3 | 0.5 | 23.295 |
| 2 | 0.3 | 0.5 | 0.3 |
| 16 | 0.3 | 0.5 | 2.4 |
| 77 | 0.3 | 0.5 | 11.55 |
| 94 | 0.3 | 0.5 | 14.1 |
| 22 | 0.3 | 0.5 | 3.3 |
| 158 | 0.3 | 0.5 | 23.7 |
| 131 | 0.3 | 0.5 | 19.65 |
| 18 | 0.3 | 0.5 | 2.7 |
| 170 | 0.3 | 0.5 | 25.5 |
| 278 | 0.3 | 0.5 | 41.7 |
| 84 | 0.3 | 0.5 | 12.6 |
| 144.5 | 0.3 | 0.5 | 21.675 |
| 192 | 0.3 | 0.5 | 28.8 |
| 288 | 0.3 | 0.5 | 43.2 |

| | | | |
|---|---|---|---|
| 27 | 0.3 | 0.5 | 4.05 |
| 90 | 0.3 | 0.5 | 13.5 |
| 267 | 0.3 | 0.5 | 40.05 |
| 95 | 0.3 | 0.5 | 14.25 |
| 23 | 0.3 | 0.5 | 3.45 |
| ആകെ നീളം =2936.7 | | | |

എന്നാൽ ആകെ സ്ഥാപിച്ച പൈപ്പുകളുടെ നീളം 2671.6 M മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പൈപ്പിന്റെ തരം | പൈപ്പ് സ്ഥാപിച്ചതിന്റെ നീളം (M) |
|---|---|
| 75 Mm Pvc Pipe 10 Kgf/Cm2 | 609.3 |
| 63 Mm Pvc Pipe 10 Kgf/Cm2 | 280 |
| 50 Mm Pvc Pipe 10 Kgf/Cm2 | 250 |
| 32 Mm Pvc Pipe 10 Kgf/Cm2 | 563.7 |
| 25 Mm Pvc Pipe 10 Kgf/Cm2 | 882.2 |
| ഫൈനൽ ബിൽ പ്രകാരം സ്ഥാപിച്ച പൈപ്പിന്റെ നീളം | 86.4 |
| ആകെ | 2671.6 |

ആകെ സ്ഥാപിച്ചത് 2671.6 മീറ്റർ പൈപ്പാണ് (ASTM 80 MM ഒഴികെ ). എന്നാൽ 265.1 മീറ്റർ അധിക നീളത്തിലും 30 Cm വീതിയിലും 50cm ആഴത്തിലും ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്.

അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

265.1 M X 0.3 M X 0.5 M = 39.765 Cubic Meter, 39.765 Cubic Meter X 559.02 X 1.18 (GST) = 26231 രൂപ.

2. ഖനന പ്രവൃത്തിക്കായി തയ്യാറാക്കിയ ഒബ്സർവ്വ്ഡ് ഡാറ്റയിൽ അവ്യക്തത

PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ OD360237/2023-2024 നമ്പറായി തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. DAR 2.8.1,2.25 എന്നിവ സംയോജിപ്പിച്ചാണ് പ്രസ്തുത ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. 2.8.1 ൽ Dressing Of Sides , Ramming Of Bottoms, Lead Of 50 M , Disposal എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ മേൽ ഇനങ്ങളുടെ അനിവാര്യത വ്യക്തമല്ല.

3. OD തയ്യാറാക്കുന്നതിന് ആധാരമാക്കിയ തുകയുടെ അടിസ്ഥാനം വ്യക്തമല്ല.

പ്രൈസ് സോഫ്റ്റ്‌വെയറിൽ അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ഒബ്സർഡ് ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കി പണം നൽകിയതായി കാണുന്നു. 6KGF/CM2 പി.വി.സി പൈപ്പുകൾ ഉൾപ്പെടുന്ന ഇനങ്ങൾ 10 KGF/CM2 പി.വി.സി പൈപ്പാക്കി മാറ്റിയതിന്റെ കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല .

25 Mm ,32 Mm , 50 Mm, 63 Mm, 75 Mm PVC വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റിഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ ലോക്കൽ മാർക്കറ്റ് നിരക്ക് തയ്യാറാക്കി പ്രസിദ്ധപ്പെടുത്താത്ത സാഹചര്യത്തിൽ പൈപ്പിന്റെ നിരക്ക് നിശ്ചയിച്ചത് എങ്ങനെയെന്നത് വ്യക്തമല്ല. 75 Mm 10 KGF/CM2 പൈപ്പ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

- DAR ലെ 50.18.9.8.1 എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റയിലെ 75 Mm 6KGF/CM2 പി. വി.സി പൈപ്പ് മാറ്റി 75 Mm 10 KGF/CM2 പി.വി.സി പൈപ്പാക്കി മാറ്റുന്നതിനായി OD3600237/2023-24 എന്ന ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയാണ് പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില 236 രൂപയായി നിശ്ചയിച്ചാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയത്.

ഇനത്തിന്റെ ആകെ തുക 375.42 രൂപയാണ് . പൈപ്പിന്റെ വില നിശ്ചയിച്ചതിന് ആധാരമാക്കിയ രേഖയുടെ വിശദാംശം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ളുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയോട്ടും ഭാഗം വാട്ടർ സപ്ലൈ രണ്ടാം ഘട്ടം പദ്ധതിയുടെ എസ്റ്റിമേറ്റിലും 75 Mm 10 KGF/CM2 ഉപയോഗിക്കുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്.(എസ്റ്റിമേറ്റ് നം. 19814/2023) ഡാറ്റയിൽ 75 Mm 10 KGF/CM2 പി. വി.സി പൈപ്പിന്റെ വില 166 രൂപയായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ പ്രകാരം ഒരു മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പരമാവധി നിരക്ക് 287.88 രൂപ മാത്രമാണ്.75 Mm 10 KGF/CM2 പൈപ്പിന്റെ മാർക്കറ്റ് വിലയായി 236 രൂപ ഉൾപ്പെടുത്തിയതിനാൽ ആകെ നിരക്കിൽ 87.54 (375.42-287.88) രൂപ അധികമാണെന്ന് കാണുന്നു. ഇപ്രകാരം 609.3 മീറ്ററിന് GST ഉൾപ്പെടെ 62938.98 രൂപയുടെ അധിക ചെലവുണ്ടായതായി കാണുന്നു. 25 Mm ,32 Mm , 50 Mm, 63 Mm PVC പൈപ്പ് സ്ഥാപിച്ചതിലും സമാന അപാകത ഉണ്ടായിട്ടുണ്ട്. പൈപ്പിന്റെ മാർക്കറ്റ് വില നിശ്ചയിക്കുന്നതിനായി ആധാരമാക്കിയ രേഖയുടെ വിശദാംശം ലഭ്യമാക്കുന്നതിനും ആയതിന്റെ ആധികാരികത വ്യക്തമാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.35/2023-24 തീയതി 17.08.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകളുടെ സാഹചര്യത്തിൽ 26231 രൂപ നിരാകരിച്ചതൊഴികെയുള്ള 909546 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 ആസൂത്രണത്തിലെ വീഴ്ച -പഞ്ചായത്തിന് നഷ്ടമായത് കോടികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 വർഷത്തിൽ ആസൂത്രണം ചെയ്ത 72 പദ്ധതികൾക്കായി അടങ്കൽ ചെയ്ത 50704056 രൂപയിൽ 14054126 രൂപ മാത്രമെ തൻ വർഷം ചെലവഴിച്ചിട്ടുള്ളൂ. ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് , കേന്ദ്രാവിഷ്കൃത ഫണ്ട് , മറ്റുള്ളവ എന്നിവ ഒഴികെയുള്ള ഫണ്ടുകളിൽ നിന്നും 25524672 രൂപയാണ് സ്ഥാപനം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുള്ളത്. നഷ്ടപ്പെട്ട ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | നഷ്ടപ്പെടുത്തിയ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 1611334 | 486214 | 1125120 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 1593534 | 0 | 1593534 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 23653200 | 5387325 | 18265875 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 5455358 | 915215 | 4540143 |
| ആകെ | 32313426 | 6788754 | 25524672 |

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി. ഒ(പി)119/15 ഫിൻ തീ.21.03.2015, ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ നിർത്തൽ ചെയ്യുകയും ചെയ്തു.

ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയാകുന്ന തുക സഞ്ചിതനിധിയിലേക്ക് തിരികെ പോകും. പ്രവർത്തി പൂർത്തീകരിച്ച പദ്ധതികൾക്ക് സമയബന്ധിതമായി ബിൽ സമർപ്പിച്ചില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയും ക്യൂബിൽ ആയി വരുന്ന പ്രവർത്തികളുടെ ബിൽ തൊട്ടടുത്ത വർഷത്തെ അലോട്ടമെന്റിൽ മാറുന്നത് കാരണം പ്രസ്തുത വർഷത്തെ പ്രോജക്ടുകൾ പൂർത്തിയായെങ്കിലും അലോട്ട്മെന്റിലെ കുറവ് കാരണം ബിൽ മാറാൻ സാധിക്കാത്ത അവസ്ഥയുണ്ടാവുകയും ചെയ്യും. 2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 72 പദ്ധതികളിൽ 29 പദ്ധതികളിൽ മാത്രമെ ചെലവുണ്ടായിട്ടുള്ളൂ. മിക്ക പ്രൊജക്ടുകളിലും ബിൽ സമർപ്പിച്ചത് 2024 മാർച്ച് മാസത്തിലാണ്. നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടപ്പെട്ടതിനുള്ള പ്രധാന കാരണം. ചെലവ് കുറയുന്നതിനും ഫണ്ട് നഷ്ടപ്പെട്ടതിനുമുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ബില്ലുകൾ സമർപ്പിക്കുന്നതിൽ കാലതാമസം.

നഷ്ടപ്പെട്ട ഫണ്ടുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ ആകെ സമർപ്പിച്ചത് 19 ബില്ലുകളാണ്. ആയതിൽ 10 ബില്ലുകളും നൽകിയിട്ടുള്ളത് 2024 മാർച്ച് മാസത്തിലാണ്.

2. ടെണ്ടർ നടപടികളിൽ കാലതാമസം

പൊതുമരാമത്ത് പ്രവൃത്തികളുടെ ശരാശരി നിർവ്വഹണ കാലയളവ് 6 മാസമാണ്. സെപ്റ്റംബർ മാസത്തിനുള്ളിൽ കരാറിലേർപ്പെടുന്ന വിധം നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമെ സാമ്പത്തിക വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. എന്നാൽ ആസൂത്രണം ചെയ്ത 72 പദ്ധതികളിൽ 2023 നവംബറിനുള്ളിൽ 21 പ്രവൃത്തികളുടെ ടെണ്ടറുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്.

3. പദ്ധതികൾ സമഗ്രമായി ആവിഷ്കരിക്കുന്നില്ല

കുടിവെള്ള പദ്ധതികൾ, കെട്ടിട നിർമ്മാണ/നവീകരണ പദ്ധതികൾ എന്നിവയുടെ കാര്യത്തിൽ ഒരേ നിർമ്മാണത്തിന്റെ പല ഘടകങ്ങൾക്കായ് വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുന്നു. കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ കിണർ, വാട്ടർ ടാങ്ക്, ജലവിതരണ പൈപ്പുകളുടെ സ്ഥാപനം എന്നിവ ഒരു പദ്ധതിയായും വൈദ്യുതീകരണം പോലുള്ളവയ്ക്കായി മറ്റ് പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പാക്കുന്നു. കെട്ടിട നിർമ്മാണം , റോഡ് പ്രവൃത്തികൾ എന്നിവ മുഴുവൻ ചെയിനേജിലും സമഗ്രമായി ആസൂത്രണം ചെയ്യാതെ ഭാഗികമായി ആസൂത്രണം ചെയ്യുന്ന പ്രവണതയും സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് മൂലം പ്രൊജക്ടുകളുടെ എണ്ണം വർദ്ധിക്കുകയും നടപടി ക്രമങ്ങൾക്കായി കൂടുതൽ മനുഷ്യ ശേഷി വിനിയോഗിക്കേണ്ടിയും വരുന്നു.

4. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

ഒരു പ്രവൃത്തിയ്ക്കായി ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2012 ലെ പുതുക്കിയ PWD മാന്വലിലെ സെക്ഷൻ 1601.1.2(ii) ൽ പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ പലതും തയ്യാറാക്കിയിരിക്കുന്നത്. സൈറ്റ് സന്ദർശിക്കാതെയും സൈറ്റ് സാഹചര്യങ്ങൾ വിലയിരുത്താതെയുമാണ് ഡീറ്റെയിൽഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഇത് പലപ്പോഴും എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വരുന്നതിന് കാരണമാകുന്നു. സൈറ്റ് കണ്ടീഷൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന് ആധാരമാക്കിയ അളവുകളിലെ വ്യത്യാസം എന്നിവ കാരണമാണ് മിക്ക എസ്റ്റിമേറ്റുകളും പുതുക്കേണ്ടി വന്നിട്ടുള്ളത്. എസ്റ്റിമേറ്റുകൾ പുതുക്കുന്നത് മൂലമുള്ള നടപടിക്രമങ്ങൾ മൂലവും പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കുന്നു.

5. പ്രവൃത്തി പുരോഗതി വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ തയ്യാറാക്കി ആയത് പ്രകാരം പ്രവൃത്തി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തുന്നില്ല. മിക്ക

പ്രവൃത്തികളും കരാർ ചമച്ച് മാസങ്ങൾക്ക് ശേഷമാണ് നിർവ്വഹണം ആരംഭിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-34 അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

2023-24 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 4188381/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 2,199,743 |
| കേന്ദ്ര ഫണ്ട് | 1,988,638 |
| | 4,188,381 |

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2023-24 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് , സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിലുള്ള വർക്കിംഗ് ഗ്രൂപ്പ് എന്നിവ രണ്ടു തവണ മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പ്രൊജക്ട് മോണിട്ടറിംഗ് സംബന്ധിച്ച ചർച്ചകളൊന്നും നടത്തിയിട്ടില്ല.പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)84/2022/ത.സ്വ.ഭ.വ തി.19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 14.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 14.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 8.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി തല മോണിട്ടറിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മറ്റി, മാതൃസമിതി ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ മുഖേന ഉറപ്പുവരുത്തേണ്ടതായിരുന്നു.

അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രർത്തിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 28/2023-24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി സംബന്ധിച്ച്.

പ്രോജക്ട് നമ്പർ 139/2023-24

പ്രോജക്ട് :ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 5,00,000.- (മെയിൻറനൻസ് ഗ്രാൻറ് നോൺ റോഡ്)

ചെലവ് : 5,00,000.-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ബിൽ/വൌച്ചർ നമ്പർ, തീയതി – 23160652024400533454/07.09.2023

04.07.2023 ലെ 185508 നമ്പർ പ്രഫോർമ ഇൻവോയിസ് പ്രകാരം 5 ലക്ഷം രൂപ മേൽ ബിൽ പ്രകാരം ഔഷധിക്ക നൽകുകയുണ്ടായി.

ഫയലിൽ ലഭ്യമാക്കിയ ഔഷധി ഇൻവോയിസ് ആദ്യത്തെ 4 എണ്ണം വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1. | 90305341 | 11.07.23 | 36943 |
| 2. | 90305774 | 17.07.23 | 7508 |
| 3. | 90305326 | 11.07.23 | 16243 |
| 4. | 90312509 | 22.09.23 | 256196 |

പഞ്ചായത്ത് ഔഷധിക്ക തുക അടവാക്കിയതിന് ശേഷം മാസങ്ങളോളം വൈകിയാണ് സ്ഥാപനങ്ങൾക്ക് സാധാരണയായി മരുന്ന് ലഭിക്കാറുള്ളത്. എന്നാൽ NOC , പ്രഫോർമ ഇൻവോയിസ് സ്ഥാപനത്തിന് ലഭിക്കുന്നതിനു ഏകദാശം 2മാസം മുമ്പ് മരുന്നിന്റെ ഇൻവോയിസ് ലഭിച്ചതിന്റെ കാരണം വ്യക്തമല്ല.

മേൽ ചേർത്ത പ്രകാരമുള്ള 2023 ജൂലായിലെ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ 2022-23 -ൽ (പ്രൊജക്ട് നം.42/500000/-) ലഭിക്കാൻ അവശേഷിക്കുന്നവയാണോ എന്നും വ്യക്തമല്ല. 2023-24 -ലെ മരുന്നിന്റെ തുക അടവാക്കിയത് 2023 സെപ്റ്റംബറിലാണ്. ആയതിനാൽ 2022-23 ലെ മരുന്ന് വാങ്ങൽ പ്രോജക്ടിന്റെ ബിൽ/ ഇൻവോയിസ് എന്നിവ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. കൂടാതെ മരുന്നിന്റെ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിന്റെ മുമ്പുള്ള സ്റ്റോക്കും ലഭ്യമാക്കിയിട്ടില്ല (മെയിൻ,സബ് സ്റ്റോക്ക്)

2023-24 വർഷം ലഭിച്ച മരുന്നുകൾ മെയിൻ സ്റ്റോക്കിൽ നിന്നും സബ് സ്റ്റോക്കിലേക്ക് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സബ് സ്റ്റോക്കിൽ ഇൻഡക്സ് ഇല്ലാത്തതിനാലും വ്യക്തമായി മരുന്നിന്റെ ഇനം തിരിച്ച് രേഖപ്പെടുത്താത്തതിനാലും പരിശോധിക്കാനായിട്ടില്ല.

മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/16.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചേർത്ത പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 ആദായ നികുതി ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രൊജക്ട് നമ്പർ : 91/21, 209/24

പ്രൊജക്ട് : ആർദ്രം ജീവനക്കാരുടെ ശമ്പളം

മേൽ രണ്ട് പ്രൊജക്ടുകളിലായി 2023-24 വർഷത്തിൽ ആർദ്രം ജീവനക്കാരുടെ ശമ്പളം ഇനത്തിൽ 1,127,275/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 755,897/-രൂപ ഡോ.അൻവർ സാദത്തിന് നൽകിയിട്ടുണ്ട്.തുക നൽകിയതിന്റെ വിശദാംശം ചുവടെ.

| | പ്രൊജക്ട് നമ്പർ | ബിൽ റഫറൻസ്/സാങ്ഷൻ ഓർഡർ നമ്പർ | തുക |
|---|---|---|---|
| 1 | 91/24 | 23160652024300062029/4-05-2023 | 61,576 |
| 2 | 91/24 | 231606520243000151133/1-06-2023 | 63,700 |
| 3 | 91/24 | 231606520243000268025/4-07-2023 | 63,700 |
| 4 | 91/24 | 231606520243000387242/2-08-2023 | 63,700 |

| | | | |
|---|---|---|---|
| 5 | 91/24 | 231606520243000530026/6-09-2023 | 63,700 |
| 6 | 91/24 | 231606520243000615702/4-10-2023 | 63,700 |
| 7 | 91/24 | 155/6-11-2023 | 63,700 |
| 8 | 91/24 | 196/4-12-2023 | 63,700 |
| 9 | 91/24 | 236/5-01-2024 | 63,700 |
| 10 | 91/24 | 283/2-02-2024 | 63,700 |
| 11 | 91/24 | 351/12-03-2024 | 57,321 |
| 12 | 209/24 | 447/24-03-2024 | 63,700 |
| | ആകെ | | 755,897 |

എ) ഡോ.അൻവർ സാദത്തിന് മേൽ കാണിച്ചതിൻ പ്രകാരം വിവിധ ബില്ലുകളിലായി 755,897/-രൂപ നൽകിയിട്ടുണ്ടെങ്കിലും ഡോക്ടറിൽ ശമ്പളത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ല.ഡോ.അൻവർ സാദത്തിന്റെ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ട ആദായ നികുതിയുടെ വിശദാംശം ചുവടെ കാണിക്കുന്നു.

| | | |
|---|---|---|
| A | ആകെ വരുമാനം | 755,897 |
| B | കിഴിവ്/ഒഴിവാക്കൽ | 50,000 |
| C | നികുതി കണക്കാക്കാവുന്ന വരുമാനം (A-B) | 705900 |
| ആദായ നികുതി 300,000 വരേ (0%) | | ----- |
| 300,001-600,000 (5%) | | 15,000 |
| 600,001-705,900 (10%) | | 10,590 |
| വരുമാനത്തിനു മുകളിലുള്ള ആകെ നികുതി | | 25,590 |
| സെക്ഷൻ 87A പ്രകാരമുള്ള റിബേറ്റ് | | 19,690 |
| റിബേറ്റിന് ശേഷമുള്ള നികുതി | | 5900 |
| വിദ്യാഭ്യാസ സെസ് | | 236 |
| ആകെ | | 6140 |

മേൽ കാണിച്ചതിൻ പ്രകാരം 6140/-രൂപ സോഴ്സിൽ നിന്നും ഈടാക്കി അടവാക്കേണ്ട ബാധ്യത ശമ്പളം നൽകുന്ന ഉദ്യോഗസ്ഥന്റേതാണ്.ഇൻകം ടാക്സ് ഡിപ്പാർട്ടിന് നഷ്ടമുണ്ടായ 6140/-രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

ബി ) ഡോ.അൻവർ സാദത്ത്,ഫാർമസിസ്റ്റ് സമിൻരാജ് എന്നിവരുടെ 2023 മാർച്ച് മാസത്തിലെ ശമ്പളം നൽകുന്നതിനായി 209/24 നമ്പർ സ്പിൽ ഓവർ പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ട്.കഴിഞ്ഞ വർഷത്തെ ശമ്പളം നൽകുന്നതിനായി തയ്യാറാക്കിയ പ്രൊജക്ട് അനുസരിച്ചുള്ള ചെലവ് 24-03-2024ലെ സാങ്ഷൻ ഓർഡർ നമ്പർ 447 പ്രകാരമാണ് നൽകിയത്.ഡോ.അൻവർ സാദത്തിന് 63,700/-രൂപയും ഫാർമസിസ്റ്റ് സമിൻരാജിന് 24,520/-രൂപയും 3/2023 മാസത്തെ ശമ്പളമായി നൽകി.എന്നാൽ ബില്ലിനൊപ്പം ഇവരുടെ കൈപ്പറ്റ് റസീറ്റ് ഹാജരാക്കിയിട്ടില്ല.മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 88,220/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29/2023-24ന് മറുപടി നൽകിയിട്ടില്ല.)

1-37 വാഹന വാടക-നികുതി കുറവ് ചെയ്തില്ല

അടങ്കൽ : 180000.- (തനത്ഫണ്ട്)

ചെലവ് :165900.-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹരിത കർമ്മസേനക്ക് വാഹന വാടക ( പ്രൊ നം.232/24) എന്ന പദ്ധതിയുടെ ഭാഗമായി ശ്രീ. രാജേഷ്.സി എന്നവർക്ക് KL-56-C-1528 നമ്പർ പിക്കപ്പ് വാഹനത്തിന്റെ വാടക ഇനത്തിൽ 2023-24 വർഷത്തിൽ കരാർ പ്രകാരം 165900/- രൂപ തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിച്ചിട്ടുണ്ട്.ആദായ നികുതി നിയമ പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും ഒരു ശതമാനം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ഈടാക്കിയതായി കാണുന്നില്ല. മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 /17.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

1-38 എൽ ഇ ഡി തെരുവ് വിളക്ക സ്ഥാപിക്കൽ പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ

പ്രോജക്ട് നമ്പർ 152/2023-24 എൽ ഇ ഡി തെരുവ് വിളക്ക സ്ഥാപിക്കലും ഹൈമാസ്റ്റ് മിനി മാസ്റ്റ് എ എം സിയും.

അടങ്കൽ - 18,00,000.- (സി.എഫ്.സി. ബേസിക് ഗ്രാൻറ്)

ചെലവ് - 10,00,000.-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ചെക്ക്/വൌച്ചർ നമ്പർ, തീയതി - XV FC/2023-24 /P/31 Dt 25/03/24 . കേരള ഇലക്ട്രിക്കൽ ആന്റ് ആലീഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) എന്ന സ്ഥാപനത്തിന് എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി സപ്ലൈ ഓർഡർ നൽകി (02.03.2023 ലെ 2/6 നമ്പർ ഭരണസമിതി തീരുമാനം ) 18 Watts 310 എണ്ണം, 30 Watts 100 എണ്ണം എന്നിവ യഥാക്രമം2488/-,2288/- രൂപ നിരക്കിൽ ബിൽ നമ്പർ KEL/PFRMA/24 Dt 16.11.2023 പ്രകാരം 1000080/- രൂപയുടെ ഇൻവോയിസിൽ 10 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്തിലെ ആവശ്യകത അനുസരിച്ച് ഏതെല്ലാം വാർഡുകളിൽ എത്ര ലൈറ്റുകൾ വീതം മാറ്റുന്നുണ്ട്/ സ്ഥാപിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് മൊത്തമായ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2) KEL ൻറെ 16.11.2022 ലെ KEMG/24/225/1337/23 നമ്പർ കത്ത് പ്രകാരം 18 Watts -ന്റെ 310 (ഓട്ടോമാറ്റിക്ക്), 30 Watts ന്റെ 100 എണ്ണം (സാധാരണ) LED C മോഡൽ ഡോം ലൈറ്റുകൾ സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം 294 എണ്ണമേ സ്ഥാപിച്ചിട്ടുള്ളൂ.

വാർഡ് 1 മുതൽ 19 വരെ സ്ഥാപിച്ചതിന്റെ എണ്ണം യഥാക്രമം15,16,14,16,17,18,16,13,15,16,16,16,15,12,16,17,16, 15,15 എന്നിവയാണ്. സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വിവരങ്ങൾ മാത്രം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതിലെ വിവരങ്ങൾ പൂർണ്ണമല്ല. ഉദാഹരണം വാർഡ് 5,6,7,8 എന്നിവയിൽ സ്ഥാപിച്ച പോസ്റ്റ് നമ്പർ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

3) പഞ്ചായത്തിൽ പൂർണ്ണമായ ഒരു തെരുവ് വിളക്ക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം വാങ്ങിയവ, മുൻവർഷങ്ങളിൽ വാങ്ങിയവ ഉൾപ്പടെ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ കണക്ക് പഞ്ചായത്തിലില്ല. നിലവിലുള്ള തെരുവ് വിളക്കുകളുടെ ഇനം, വാട്ടേജ്, വാർഡ് എന്നിവ തിരിച്ച് സ്ഥാപിച്ചതിന്റെ കണക്ക് സൂക്ഷിക്കാത്തപക്ഷം തെരുവ് വിളക്കുകളുടെ പരിപാലന പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടാവുന്നതാണ്. കൂടാതെ പഞ്ചായത്ത് രജിസ്റ്ററിൽ വ്യക്തമായ പോസ്റ്റ് നമ്പർ രേഖപ്പെടുത്താതിനാൽ പഞ്ചായത്ത് സെക്രട്ടറി KEL അസി.മാനേജർക്കെഴുതിയ 22.05.24ലെ SC2-315/23 നമ്പർ കത്തിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ച തെരുവ് വിളക്കുകൾക്ക് റിപ്പയർ ആവശ്യമായി വന്നിരിക്കുകയാണ് എന്നറിയിച്ചിട്ടുണ്ട്. KELസ്ഥാപിച്ച/റിപ്പയർ ചെയ്ത പോസ്റ്റുകൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഇത് തുടർന്നുള്ള റിപ്പയറിനും തടസ്സം സൃഷ്ടിക്കാവുന്നതാണ്.

മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/ 17.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-39 ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 50/24

പ്രൊജക്ട് : അംഗനവാടി പോഷകാഹാരം

2023-24 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി ഹൈജീനിക് ഫുഡ് പ്രോഡക്ട്,കാവിലുംപാറ,മൊയിലോതറ എന്ന ഫുഡ് പ്രോഡക്ട്സ് നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്നു വയസ്സുവരേയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.ഇങ്ങനെ ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് 1,302,965/-രൂപ ഹൈജീനിക് ഫുഡ് പ്രോഡക്ടിന് നൽകിയിട്ടുണ്ട്.തുക നൽകിയതിന്റെ വിശദാംശം ചുവടെ.

| | ബിൽ /സാങ്ഷൻ ഓർഡർ നമ്പർ | തുക |
|---|---|---|
| 1 | 231606520242002l8060/16-06-2023 | 434,753 |
| 2 | 175/17-11-2023 | 409,590 |
| 3 | 231606520242009896 35/28-12-2023 | 458,622 |
| | | 1,302,965 |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 27/2023-24ന് മറുപടി നൽകിട്ടില്ല.ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവുതുക 1,302,965/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 രേഖകളും ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ആസൂത്രണം ചെയ്ത താഴെ പറയുന്ന പദ്ധതി ഫയലുകളും രേഖകളും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1. പരിശോധനക്ക് ലഭ്യമാക്കാത്ത ഫയലുകൾ

| ക്രമ നം | പ്രൊ.നം & പേര് | ചെലവ് തുക |
|---|---|---|
| 1 | 141/24, LID&EW ഓഫീസിലെ ക്ലർക്കിന്റെ വേതനം | 61910 |
| 2 | 163/24, ആയുർവ്വേദ ആശുപത്രി നവീകരണം | 113590 |
| 3 | 166/24, അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 56549 |
| 4 | 191/24, ബഡ്സ് സ്കൂൾ നവീകരണം | 69605 |

2. രേഖകൾ ലഭ്യമാക്കാത്തത്

| ക്രമ നം | പ്രൊ.നം & പേര് | പരിശോധനക്ക് ലഭ്യമാക്കാത്ത രേഖകൾ | ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 174/24, സൂപ്പിക്കട മണൽകുന്ന് റോഡ് റീടാറിംഗ് | റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനം | 661019 |
| 2 | 265/24, പന്തിരിക്കര ഒളവകുന്നേൽ റോഡ്. | ടെണ്ടർ/ ക്വട്ടേഷൻ രേഖകൾ | 299702 |
| 3 | 96/24, GLPS വടക്കുമ്പാട് പൂർത്തീകരണം | ടെണ്ടർ/ ക്വട്ടേഷൻ രേഖകൾ | 155672 |
| 4 | 94/24, കുനിയോട് തൃഷ്ണ ഗ്രന്ഥാലയം നവീകരണം | ടെണ്ടർ/ ക്വട്ടേഷൻ രേഖകൾ | 298498 |
| 5 | 78/24, പാറക്കടവ് അംഗനവാടി സെന്റർ മതിൽ നിർമ്മാണം | ടെണ്ടർ/ ക്വട്ടേഷൻ രേഖകൾ | 133980 |
| 6 | 65/24, ഹെൽത്ത് സെന്റർ റോഡ് റീടാറിംഗ് | ടെണ്ടർ/ ക്വട്ടേഷൻ രേഖകൾ | 499835 |
| 7 | 109/24, മുഞ്ഞോറ കുടിവെള്ള പദ്ധതി കിണർ നവീകരണം. | ടെണ്ടർ/ ക്വട്ടേഷൻ രേഖകൾ | 90000 |

രേഖകൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷനോട് സ്ഥാപനം പ്രതികരിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2440360 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൈപ്പ് സ്ഥാപിച്ചതിനേക്കാൾ ഉയർന്ന അളവിൽ മണ്ണ് ഖനനത്തിന് തുക നൽകി.

| | |
|---|---|
| പ്രൊ നം, പേര് | 258/2024<br>മുതുവണ്ണാച്ച കുടിവെള്ള പദ്ധതി |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 135297/2023 |
| അടങ്കൽ | 1000000 |
| ചെലവ് | 935777<br>Development Fund<br>(CFC Tied Grant) |

| | |
|---|---|
| ബിൽ വിശദാംശം | 354/ 15-03-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സോണി എം എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മുളവണ്ണാച്ച കുടിവെള്ള പദ്ധതി (പ്രൊ.നം 258/2024) പ്രവൃത്തിയുടെ ഭാഗമായി 25 Mm ,32 Mm , 50 Mm, 63 Mm, 75 Mm PVC വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റി ഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖ 1-32 ആയി ഭാഗം ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൈപ്പ് സ്ഥാപിച്ചതിലും അധികരിച്ച അളവിൽ ഖനനം നടത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. അധിക അളവിൽ ഖനന പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക നൽകി.

എസ്റ്റിമേറ്റ് പ്രകാരം 559.02 രൂപ നിരക്കിൽ 2600 മീറ്റർ നീളത്തിലും 30 Cm വീതിയിലും 50cm ആഴത്തിലും PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റിഫില്ലിംഗ് നടത്തുന്നതിനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എം ബുക്ക് പ്രകാരം താഴെ പറയുന്ന അളവിൽ പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| നീളം (M) | വീതി (M) | ആഴം (M) | അളവ് (Cubic Meter) |
|---|---|---|---|
| 255 | 0.3 | 0.5 | 38.25 |
| 58 | 0.3 | 0.5 | 8.7 |
| 177 | 0.3 | 0.5 | 26.55 |
| 28.7 | 0.3 | 0.5 | 4.305 |
| 86.2 | 0.3 | 0.5 | 12.93 |
| 155.3 | 0.3 | 0.5 | 23.295 |
| 2 | 0.3 | 0.5 | 0.3 |
| 16 | 0.3 | 0.5 | 2.4 |
| 77 | 0.3 | 0.5 | 11.55 |
| 94 | 0.3 | 0.5 | 14.1 |
| 22 | 0.3 | 0.5 | 3.3 |
| 158 | 0.3 | 0.5 | 23.7 |
| 131 | 0.3 | 0.5 | 19.65 |
| 18 | 0.3 | 0.5 | 2.7 |
| 170 | 0.3 | 0.5 | 25.5 |
| 278 | 0.3 | 0.5 | 41.7 |
| 84 | 0.3 | 0.5 | 12.6 |
| 144.5 | 0.3 | 0.5 | 21.675 |

| | | | |
|---|---|---|---|
| 192 | 0.3 | 0.5 | 28.8 |
| 288 | 0.3 | 0.5 | 43.2 |
| 27 | 0.3 | 0.5 | 4.05 |
| 90 | 0.3 | 0.5 | 13.5 |
| 267 | 0.3 | 0.5 | 40.05 |
| 95 | 0.3 | 0.5 | 14.25 |
| 23 | 0.3 | 0.5 | 3.45 |
| ആകെ നീളം =2936.7 | | | |

എന്നാൽ ആകെ സ്ഥാപിച്ച പൈപ്പുകളുടെ നീളം 2671.6 M മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പൈപ്പിന്റെ തരം | പൈപ്പ് സ്ഥാപിച്ചതിന്റെ നീളം (M) |
|---|---|
| 75 Mm Pvc Pipe 10 Kgf/Cm2 | 609.3 |
| 63 Mm Pvc Pipe 10 Kgf/Cm2 | 280 |
| 50 Mm Pvc Pipe 10 Kgf/Cm2 | 250 |
| 32 Mm Pvc Pipe 10 Kgf/Cm2 | 563.7 |
| 25 Mm Pvc Pipe 10 Kgf/Cm2 | 882.2 |
| ഫൈനൽ ബിൽ പ്രകാരം സ്ഥാപിച്ച പൈപ്പിന്റെ നീളം | 86.4 |
| ആകെ | 2671.6 |

ആകെ സ്ഥാപിച്ചത് 2671.6 മീറ്റർ പൈപ്പാണ് (ASTM 80 MM ഒഴികെ ). എന്നാൽ 265.1 മീറ്റർ നീളത്തിലും 30 Cm വീതിയിലും 50cm ആഴത്തിലും ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്.

അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

265.1m X 0.3m X 0.5m = 39.765 Cubic Meter, 39.765 Cubic Meter X 559.02 X 1.18(GST) = 26231 രൂപ. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.35/2023-24 തീയതി 17.08.2024) സ്ഥാപനം മറുപടി ലഭ്യമാക്കുകയോ, പൈപ്പ് സ്ഥാപിച്ചതിന്റെ ലൊക്കേഷൻ സ്കെച്ച് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. നഷ്ടതുകയായ 26231 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 അനിവാര്യമല്ലാത്ത ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

| | |
|---|---|
| പ്രൊ നം, പേര് | 112/2024<br>കുമുള്ള മലയിൽ കുടിവെള്ള പദ്ധതി |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 74571/2023 |
| അടങ്കൽ | 230500 |
| ചെലവ് | 116634<br>Development Fund(CFC Tied Grant) |
| ബിൽ വിശദാംശം | 453/ 25-03-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സോണി എം എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതിനൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി.<br>എ.എക്സ്.ഇ |
| ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി.<br>എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കുമുള്ള മലയിൽ കുടിവെള്ള പദ്ധതിയുടെ (പ്രൊ. നം. 251/24) ഭാഗമായി വാട്ടർ ടാങ്കിന്റെ ഉൾവശം വൃത്തിയാക്കുന്നതിനായി DAR 14.75.A പ്രകാരമുള്ള Cleaning Of Terrace/Loft Water Storage Tank (Inside Surface Area) Upto 2000 Litre Capacity At All Heights With Coconut Brushes, Duster Etc., Removal Of Silt, Rubbish From The Tank And Cleaning The Tank With Fresh Water Disinfecting With Bleaching Powder എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും എം ബുക്കിൽ പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ 11297 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ടാങ്കിന് ഉൾവശത്തെ പ്ലാസ്റ്ററിംഗ് പൊളിച്ച് മാറ്റുന്നതിനും അടിവശം 4.11 പ്രകാരം Damp Proof Concrete നിർവ്വഹിക്കുന്നതിനും വശങ്ങളിൽ 13.1.1 പ്രകാരം 12 Mm പ്ലാസ്റ്ററിംഗ് നിർവ്വഹിക്കുന്നതിനും 11.36 പ്രകാരം വാൾ ടൈല് പതിക്കുന്നതിനും ആസൂത്രണം ചെയത് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പൊളിച്ച് മാറ്റി ടൈൽ പതിക്കുന്നതിന് ആസൂത്രണം ചെയ്ത ടാങ്കിന്റെ ഉൾവശം ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെ ഉപയോഗിച്ച് അണുനശീകരണം നടത്തുകയും ഉരച്ച് കഴുകി വൃത്തിയാക്കുകയും ചെയ്യുന്നതിനുള്ള 14.75.A പ്രകാരമുള്ള ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ആവശ്യമില്ലാത്ത പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 11297 രൂപയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18/2023-24 തീയതി 16.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക 11297 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 3-3 ഒതയോത്ത് നടക്കൽ റോഡ്- അപാകതകൾ

| | |
|---|---|
| പ്രൊ നം, പേര് | 225/2024<br>ഒതയോത്ത് നടക്കൽ താഴെ റോഡ് നവീകരണം |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 97753/2023 |
| അടങ്കൽ | 1000000 |
| ചെലവ് | 805148<br>തനത് ഫണ്ട്. |
| ബിൽ വിശദാംശം | വൗച്ചർ നം.22300896 തീയതി 02.02.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സോണി എം എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതിനൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി.<br>എ.എക്സ്.ഇ |
| ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി.<br>എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒതയോത്ത് നടക്കൽ റോഡ് എന്ന പദ്ധതിയുടെ ( പ്രൊ.നം- 225/2) എം ബുക്ക് പ്രകാരമുള്ള അളവുകളും സൈറ്റ് അളവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- എം ബുക്ക് പ്രകാരം 21 മീറ്ററിൽ 11.1.1.1 പ്രകാരം ഖനനം ചെയ്ത് DR ചെയ്ത് ബെൽറ്റ് കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. DR ൽ നിന്നും 3.675 Cum Departmental Material കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലോ എം ബുക്കിലോ DR Masonry പൊളിച്ച് മാറ്റുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തുകയോ നിർവ്വഹിച്ചതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 14.08.2024 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നിന്നും നിലവിലുള്ള കരിങ്കൽ ഭിത്തിയുടെ അടിത്തറയുടെ മുകളിലാണ് DR Masonry നിർവ്വഹിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 21 മീറ്ററിൽ 11.1.1.1 പ്രകാരം ഖനന പ്രവൃത്തി ആവശ്യമില്ലായിരുന്നെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഖനന പ്രവർത്തിക്കായി ജി.എസ്.ടി ഉൾപ്പെടെ കരാറുകാരന് അനുവദിച്ച 3842 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.22/2023-24 തീയതി 16.08.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഖനന പ്രവൃത്തി നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് അനുവദിച്ച 3842 രൂപ പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു. പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 21.08.24 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 586407 | ലൈഫ് ഭവന പദ്ധതി SC | 586407 | 0 |
| | | 200000 | ക്ഷീര കർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 200000 | 0 |
| | | 200000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 200000 | 0 |
| | | 100000 | അതി ദരിദ്രർക്ക് വീട് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വാസയോഗ്യമാക്കാൻ | | |
| | | 165000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 165000 | 0 |
| | | 74000 | വയോജന ക്ലബ് കെയർഗിവർക്ക് ഓണറേറിയം | 74000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2023-24 | 200000 | ലൈഫ് ഭവന പദ്ധതി SC | 200000 | 0 |
| | | 300000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | 0 |
| | | 100000 | കറവപ്പശുകൾക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 100000 | 0 |
| | | 211425 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 211425 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ- കെ.എ്.ഇ.ബി യ്ക്ക് തുക അടവാക്കൽ | | 517514/- | 0 | 517514/- |
| ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | കരുവാങ്കണ്ടി പീടിക കണ്ടി താഴെ കൾവർട്ട് - തുക നൽകൽ | | 590000 | 0 | 590000 |
| ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | കടുക്കാം കുഴി താഴെ കൾവർട്ട് തുക നൽകൽ | | 590000 | 0 | 590000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി വായ്പ | 2018-19 | 1200000 | 22946648 | 2793059 | | 21353589 |

വായ്പ തിരിച്ചടവ് ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-12ൽ ഇത് പരാമർശിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10227497 |
| തൻവർഷം നിക്ഷേപിച്ച തുക | 444335 |
| ആകെ | 10671832 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10671832 |
| ഇഎം.എസ് കോപ്പറേറ്റീവ് ഷെയർ | 10000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 4.2.8 | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | 5.7.1 | | | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | 5.7.3 | | | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | 5-7.12 | | | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് |

| | | | | |
|---|---|---|---|---|
| | | | | നടത്തിയില്ല, സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല |
| 2015-16 | 2-3 | 2016-17 | അനുബന്ധം – 5 | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 67938698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 60569094 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41370 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4838841 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 26231 | ശ്രീമതി.സോണി.എം.എം (അസി.എഞ്ചിനിയർ) |
| 3-2 | 11297 | ശ്രീമതി.സോണി.എം.എം (അസി.എഞ്ചിനിയർ) |
| 3-3 | 3842 | ശ്രീമതി.സോണി.എം.എം (അസി.എഞ്ചിനിയർ) |
| ആകെ | 41370 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 25000 | ശ്രീ.ഷാജി.എം.സ്റ്റീഫൻ (സെക്രട്ടറി) |
| 1-20 | 72750 | ശ്രീ.ബിജു (ഹെഡ് മാസ്റ്റർ) |
| 1-32 | 909546 | ശ്രീമതി.സോണി.എം.എം (അസി.എഞ്ചിനിയർ) |

| | | |
|---|---|---|
| 1-36 | 88220 | ഡോ.ആനന്ദൻ.ഇ.വി (മെഡിക്കൽ ഓഫീസർ,എഫ്.എച്.സി) |
| 1-39 | 1302965 | ശ്രീമതി.മോനിഷ (ICDS സൂപ്പർവൈസർ) |
| 1-40 | 2440360 | ശ്രീമതി.സോണി.എം.എം (അസി.എഞ്ചിനിയർ) |
| ആകെ | 4838841 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി.എം.സ്റ്റീഫൻ (സെക്രട്ടറി) | സെക്രട്ടറി, ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത് | മടിക്കിയാങ്കൽ (ഹൗസ്),കായണ്ണ പി.ഒ 673526 |
| ശ്രീ.ബിജു (ഹെഡ് മാസ്റ്റർ) | ഹെഡ് മാസ്റ്റർ (അധിക ചുമതല) വടക്കമ്പാട് GLPS | കാപ്പം ചാലിൽ,പാലേരി ടൗൺ പി.ഒ |
| ശ്രീമതി.സോണി.എം.എം (അസി.എഞ്ചിനിയർ) | അസി.എഞ്ചിനിയർ, ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | ഡി-18 ക്വാട്ടേഴ്സ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്, തേഞ്ഞിപ്പാലം.പി.ഒ, മലപ്പുറം |
| ഡോ.ആനന്ദൻ.ഇ.വി (മെഡിക്കൽ ഓഫീസർ,എഫ്.എച്.സി) | മെഡിക്കൽ ഓഫീസർ, കുടുമ്പാരോഗ്യ കേന്ദ്രം, കടിയങ്ങാട് | ഇന്ദീവരം,മേഞ്ഞാണ്യം പി.ഒ, പേരാമ്പ്ര |
| ശ്രീമതി.മോനിഷ (ICDS സൂപ്പർവൈസർ) | ICDS സൂപ്പർവൈസർ, ചങ്ങരോത്ത് | ഐശ്വര്യ (ഹൗസ്),താഴെ കീഴലത്ത്,പുതുക്കുളങ്ങര പറമ്മൽ, കരുവിശ്ശേരി പി.ഒ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി4/534/18(4)തീ.5.6.2018 | 3 | 39, 43, 44 |

| | | | |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(4)തീ.08.02.21 | 1 | 36 |
| 2001-02(ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022തീ.02.03.23 | 8 | 2-1(എ), 2-1(ബി), 2-2, 2-3, 2-4, 2-5, 2-12,2-14 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി2/ 832/03 തീ-11.11.2005 | 5 | 6, 8, 9, 10, 11 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(5)തീ.03.03.23 | 13 | 2-10, 2-11, 2-12, 2-13, 2-14, 3-5, 3-6,3-8, 3-11, 3-16, 3-19, 3-20, 3-26 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(6)തീ.03.03.23 | 4 | 3-2, 3-7, 3-18, 3-19 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(9)തീ.07.03.23 | 2 | 3-8, 3-10, |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(10)തീ.07.03.23 | 4 | 2-3, 3-1, 3-13, 3-15, |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(11)തീ.08.03.23 | 3 | 3-1, 3-2, 3-6, |
| 2015-16 | *കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022 (12) തീ.08.03.23* | 5 | 2-3(1,2),3-5, 3-7, 3-8,3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(13)തീ.08.03.23 | 1 | 3-1 |
| 2017-2018 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(14)തീ.09.03.23 | 14 | 1-6, 1-10(1,3,5,7,9, 10,13,14), 1-12, 2-1-1, 2-2, 2-3(1,2), 2-6, 3-1(2,3,4) 3-3(1,2,3,4), 3-4, 3-7, 3-8, 3-9,3-13 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി7/ 172/2022(15)തീ.14.03.23 | 4 | 1-7, 1-9(1-5), 1-20, 1-21, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.7/ 1111/2022 തീ-02.06.2023 | 6 | 1-2 (7, 8, 9), 1-5 (എ, ബി, സി), 1-7 (4, 5), 1-9, 1-10, 1-13 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.7/ 1111/2022 തീ-02.06.2023 | 24 | 1-1-1,1-1-3,1-1-4,1-1-5, 1-2, 1-4 മുതൽ 1-15വരെ, 1-17 മുതൽ 1-20വരെ , 1-23, 1-24, 1-25, 1-27, 1-28, ,1-29, 3-1,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി. പി7/2393/2022 | 29 | 1-1,1-2-1(1,2,3,4,8,9,10), 1-4-1,1-10 മുതൽ |

| | | | |
|---|---|---|---|
| | തീ.27.05.23 | | 1-17,1-19,1-20, 1-21,1-23,1-24,1-26, 1-27,1-28,1-30,1-34,1-35, 1-37,4-8,4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി.പി7/ 782/2024തീ.07.05.24 | 28 | 1-1,1-1(1,2,3,4,5,6,7,8, 9,10,11,12), 1-7,1-8,1-9,1-10,1-12, 1-13,1-14,1-15,1-17,1-20,1-21, 1-22,1-24,1-25,4-8 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 25-05-2024 and submitted on 03-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Changaroth Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Changaroth Grama Panchayat as on 31-03-2024

Date: 10/10/2024 Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Changaroth Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
b) Depreciation calculated on wrong basis.

c) Timely and accurate demand entries not made in respect of Property Tax.

d) Mismatch in Property Tax arrear calculations.

e) Expenditure not booked properly under concerned head.

g) Liability balance differs with concerned bank account balance.

h) Abstract not prepared in stock register.

i) Loan Liability balance in AFS differs with that of Loan Register.

j) Register not maintained to monitor balance of beneficiary contribution

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്